# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 12, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--432]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 2146 മുതൽ 2285 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2286 മുതൽ 2399 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2400 മുതൽ 2452 വരെ |
| തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി | : 2453 മുതൽ 2577 വരെ |

**സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനപരമായ നിലപാട്**

2146 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ മുൻകാലത്ത് സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അനുവദിച്ച റെയിൽവേ പദ്ധതികൾ റദ്ദുചെയ്യുകയും സംസ്ഥാനം മുന്നോട്ട് വയ്ക്കുന്ന പുതിയ പദ്ധതികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാതിരിക്കുകയും സംസ്ഥാനവുമായി ചർച്ച ചെയ്യാതെ ചില പദ്ധതികൾ ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തികച്ചും വിവേചനപരമാണെന്നത് പരിഗണിച്ച് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് 2018-ലെ പ്രളയ കാലത്ത് ദുരിതബാധിതർക്ക് അധിക അരി നൽകിയതിന് ശേഷം ഇപ്പോൾ അരിവില നൽകുവാൻ സംസ്ഥാന സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുന്നത് ഫെഡറൽ സംവിധാനത്തിന് എതിരായതും തെറ്റായ കീഴ്‌വഴക്കവുമാണെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) മുൻ കേന്ദ്ര സർക്കാരുകൾ സംസ്ഥാനത്തിന് അനുവദിച്ചതും കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംഗീകാരം റദ്ദാക്കുകയും ചെയ്ത വൻകിട, ചെറുകിട പദ്ധതികൾ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## മംഗലാപുരം – കൊച്ചി പ്രകൃതിവാതക ലൈൻ

2147 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം - കൊച്ചി പ്രകൃതിവാതക ലൈൻ പൂർത്തീകരിച്ചതിനാൽ വീട്ടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എപ്പോൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വ്യവസായ/വാണിജ്യസ്ഥാപനങ്ങൾക്ക് ഇന്ധനമായി ഇവ എപ്പോൾ നൽകാൻ കഴിയുമെന്നുള്ള വിവരം ലഭ്യമാക്കുമോ?

## സർക്കാർ സർവീസിൽ പിന്നാക്ക വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം

2148 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, കമ്പനി/ബോർഡ് /കോർപ്പറേഷൻ എന്നിവയിൽ നിലവിലുള്ള തസ്തികകളുടെ അംഗീകൃത എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) മേൽ അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഓരോ തസ്തികയിലും നിലവിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം,നിയമന രീതി, സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമല്ലെങ്കിൽ അത്തരം വിവരശേഖരണം അടുത്ത 6 മാസത്തിനുള്ളിൽ നടത്തണമെന്ന് വകുപ്പിനോട് നിർദേശിക്കുമോ ;

(സി) അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാർ നിയമിതരായത് പൊതുവിഭാഗത്തിലോ സംവരണ വിഭാഗത്തിലോ എന്നതിന്റെ വിശദാംശം നൽകുമോ; സംവരണ വിഭാഗത്തിനുള്ള നിയമനമാണെങ്കിൽ സംവരണ വിഭാഗം ഏതാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പട്ടികജാതി, പട്ടികവർഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് സർക്കാർ സർവീസിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് എപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സർക്കാർ ജീവനക്കാർക്ക് കലാപരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി

2149 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) ഇത്തരത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനുമതിക്കായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

**<u>റീബിൽഡ് കേരള പദ്ധതി പ്രകാരം പെരുമ്പാവൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ</u>**

2150 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം പുതുതായി ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത</u>**

2151 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; റോഡിന്റെ ദൈർഘ്യം, വീതി എന്നിവ സംബന്ധിച്ചും പദ്ധതിയുടെ നിർമ്മാണവും പൂർത്തീകരണവും എന്ന് സാധ്യമാക്കാനാകും എന്നിവ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>മലയോര ഹൈവേ നിർമ്മാണത്തിനുള്ള പ്രതിസന്ധികൾ</u>**

2152 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം അളന്നു തിരിക്കുന്നതിനും കല്ലുകൾ സ്ഥാപിക്കുന്നതിനും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ എതിർപ്പ് മൂലം സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ വനഭൂമികളിലെ സർവ്വേ നടപടികൾക്ക് വനം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിനും വീടും ജീവിതോപാധിയും നഷ്ടപ്പെടുന്നവർക്കും ചുരുങ്ങിയ സ്ഥലം മാത്രമുള്ള കുടുംബങ്ങൾക്കുണ്ടാകുന്ന കെട്ടിടം ഉൾപ്പെടെയുള്ള നഷ്ടങ്ങൾ നികത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് പദ്ധതി</u>**

2153 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം എന്തെല്ലാം

പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) റീബിൽഡ് കേരളയുടെ രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) റീബിൽഡ് കേരള രണ്ടാം ഘട്ടത്തിൽ കൂടുതൽ പദ്ധതികൾ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയുടെ പുരോഗതി</u>**

2154 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് റീബിൽഡ് കേരളയിൽ നിന്നും ഫണ്ട്</u>**

2155 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നികത്തപ്പെട്ടുപോയ നായാടൻപുഴ പുനരുജ്ജീവിപ്പിക്കുന്നതിന് ബോക്സ് കൾവർട്ട് സ്ഥാപിക്കുന്നതിനായി റീബിൽഡ് കേരളയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയുടെ തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) റീബിൽഡ് കേരളയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് പേരാമ്പ്ര മണ്ഡലത്തിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>കോവളം-ബേക്കൽ ദേശീയപാത</u>**

2156 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ദേശീയപാതയുടെ സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, വിവിധ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കുമോ?

**<u>സർക്കാർ ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരുടെ വിവരശേഖരണം</u>**

2157 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവീസിലും അർദ്ധസർക്കാർ,മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര ജീവനക്കാരാണ് സർക്കാർ ശമ്പളം കൈപ്പറ്റുന്നത്;

(ബി) ജീവനക്കാർ ജോലിചെയ്യുന്ന വകുപ്പുകൾ, സ്ഥിരം നിയമനം, ഡെപ്യൂട്ടേഷൻ നിയമനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, മറ്റുതരത്തിലുള്ള നിയമനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് താൽക്കാലിക/ദിവസ വേതന/കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ മുഖേന തദ്ദേശസ്ഥാപനങ്ങളുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ ജീവനക്കാരിൽ പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്നതിന് അർഹതയുള്ള തസ്തികകളിൽ താൽക്കാലിക ജോലി ചെയ്യുന്നത് എത്രപേരാണ്; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സർക്കാർ സർവീസിൽ സംവരണ വിഭാഗങ്ങളുടെ കണക്കെടുപ്പ്</u>

2158 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ജോലിചെയ്യുന്ന മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും പിന്നോക്ക വിഭാഗങ്ങളിലെ ഓരോ സംവരണ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള വിവരശേഖരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇ.ഡബ്ല്യു.എസ്. വിഭാഗങ്ങൾക്കുള്ള സംവരണം പത്ത് ശതമാനം തന്നെയാവണമെന്നല്ല പത്ത് ശതമാനം വരെ ആവാം എന്നാണ് ഭരണഘടനാ ഭേദഗതി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് പ്രസ്തുത സംവരണം പത്ത് ശതമാനമായി നിശ്ചയിക്കാൻ കാരണമെന്താണെന്നും അതിന് ആശ്രയിച്ച സ്ഥിതി വിവര കണക്കുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) മുന്നോക്ക വിഭാത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സർക്കാർ സർവീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചിട്ടും മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ സർവീസിൽ സംവരണം നൽകുന്നത് കൂടുതൽ അസമത്വത്തിന് കാരണമാകും എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ സർവീസിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം കുറവാണ് എന്ന് കണ്ടെത്തിയ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

2159 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല/സഹകരണ/ബോർഡ് മുതലായ സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിൽ 2016 ജൂൺ മുതൽ 2022 നവംബർ 15 വരെ എത്ര പേരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയെന്നും ഇനി സ്ഥിരനിയമനത്തിന് പരിഗണനയിലുള്ളത് എത്രയാണെന്നും വ്യക്തമാക്കുമോ?

## വിവരാവകാശ നിയമത്തിലെ സെക്ഷൻ4( 1) (6 ) പ്രകാരമുള്ള നടപടി

2160 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമത്തിലെ സെക്ഷൻ 4( 1) (6 ) പ്രകാരം എല്ലാ പൊതു അധികാര സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള രേഖകളുടെ പ്രസിദ്ധീകരണം സ്വമേധയാ നടത്തുകയും അത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയോ പൊതു ജനങ്ങൾക്ക് നേരിട്ടെത്തി പരിശോധിക്കാനുള്ള അവസരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സെക്ഷൻ 4(1)(6) പ്രകാരം വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിവരങ്ങൾ നാളിതുവരെ പ്രസിദ്ധപ്പെടുത്താത്ത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സിറ്റി ഗ്യാസ് ലൈൻ പദ്ധതി

2161 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ്ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളത്; എത്ര കണക്ഷൻ നൽകിയിട്ടുണ്ട്;വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ?

## ക്ഷീരമേഖലയിലെ സർക്കാർ പരിപാടികളിലെ പ്രോട്ടോകോൾ

2162 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരിപാടികൾക്കുള്ള പ്രോട്ടോകോൾ കൂടാതെ ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന പ്രോട്ടോകോൾ ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് സെക്രട്ടറിക്ക് പൊതുഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന 19.10.2022-ലെ നമ്പർ ഡി.2/81/2022/ ഡി.ഡി. പ്രോട്ടോകോൾ ഉത്തരവ് പുറപ്പെടുവിക്കാൻ ക്ഷീരവികസന വകുപ്പ് സെക്രട്ടറിക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിൽ എം.പി. മാരെ ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സ്ഥാപന ഭരണ സമിതി അംഗങ്ങൾക്ക് സർക്കാർ പ്രോട്ടോകോൾ ബാധകമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) മിൽമ ചെയർമാന് സർക്കാർ പ്രോട്ടോകോൾ ബാധകമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ടിയാന്റെ പ്രോട്ടോകോൾ പ്രകാരമുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കാമോ?

## താൽക്കാലിക നിയമനങ്ങൾ

2163 **ശ്രീ .പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നടത്തിയ താൽക്കാലിക നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിവിധ വകുപ്പുകളിൽ താൽക്കാലികമായി നിയമിതരായ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ;

(സി) ഈ സ്ഥിരപ്പെടുത്തൽ നടപടികൾ കേരള ഹൈ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലെ നിയമനങ്ങളാണ് സ്റ്റേ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് ഹൈ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി.റാങ്ക് പട്ടികകളും എംപ്ലായ്മെൻറ് എക്സ്ചേഞ്ച് ലിസ്റ്റുകളും നിലവിൽ ഉള്ളപ്പോഴും അവയെ ഒഴിവാക്കി തൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ജി) അവയിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലായ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നല്കിയെന്ന് ജില്ല തിരിച്ച്

വിശദാംശം വെളിപ്പെടുത്തുമോ?

**ദേശീയ ജലപാത വികസനം**

2164 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തലശ്ശേരി മുതൽ വളപട്ടണം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നീലേശ്വരം കോട്ടപ്പുറം വരെ ഈ പാത നീട്ടാൻ കഴിയുമോയെന്ന് അറിയാക്കാമോ?

**ആംഗ്ലോ ഇന്ത്യൻ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സംവരണം**

2165 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പിന്നോക്ക സമുദായമായതിന്റെ അടിസ്ഥാനത്തിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നുണ്ടോ;

(ബി) ആംഗ്ലോ ഇന്ത്യൻ സമുദായം കേരളാ സ്റ്റേറ്റ് സോഷ്യൽ ആന്റ് ഇക്കണോമിക്കലി ബാക് വേഡ് കമ്മ്യൂണിറ്റി (എസ്.ഇ.ബി.സി.)/അദർ ബാക് വേഡ് ക്ലാസ് (ഒ.ബി.സി.) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; കേരളാ സ്റ്റേറ്റ് എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണത്തിന് അവകാശമുണ്ടോ;

(സി) നിലവിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, മെഡിക്കൽ പി.ജി. കോഴ്സുകൾ കൂടാതെ മറ്റ് കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ല എന്നുള്ള അഡ്വ. ആന്റണി നിൽട്ടൺ റെമെലോയുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഐ.ആർ./ ബി2/319/2021 നമ്പർ കത്ത് പ്രകാരം ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കാത്തോലിക്ക സമുദായത്തിനോടൊപ്പം എല്ലാ തലത്തിലുമുള്ള വിദ്യാഭ്യാസ സംവരണം നൽകണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കത്തോലിക്കക്കാരോടൊപ്പം ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം നൽകാനുള്ള ഉപദേശം ഓഫീസ് ഓഫ് കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക് വേഡ് ക്ലാസ്സസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**ഉന്നത പഠനത്തിനായി സ്റ്റുഡന്റ് വിസയിൽ പോയവർ**

2166 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ നാളിതുവരെ ഉന്നത പഠനത്തിനായി സംസ്ഥാനത്ത് നിന്നും

എത്രപേർ സ്റ്റുഡന്റ് വിസയിൽ പോയിട്ടുണ്ടെന്ന വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ യുവജനങ്ങളും വിദ്യാർത്ഥികളും വിദേശരാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്നതിനുള്ള അദമ്യമായ ആഗ്രഹം ഭാവിയിൽ നാടിനെ എപ്രകാരം ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവരെ സ്വന്തം നാട്ടിൽ തന്നെ നിലനിർത്തുന്നതിന് പ്രചോദിപ്പിക്കുമാറ് ദീർഘകാല അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രം</u>**

2167 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എത്ര തുകയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>സ്പെഷ്യാലിറ്റി ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ് പദ്ധതി</u>**

2168 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ - ഡി അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങൾ, പ്രധാന ജംഗ്ഷനുകൾ, പട്ടണങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി സംബന്ധിച്ച് മണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) പോലീസ് പട്രോളിംഗ്, വി.ഐ.പി. സുരക്ഷ, സർവൈലൻസ് എന്നിവക്കായി ഉപയോഗിക്കുന്ന ഡ്രോണുകൾ വികസിപ്പിച്ചെടുക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് 'സ്പെഷ്യാലിറ്റി ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി</u>**

2169 **ഡോ. എം.കെ . മുനീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തുന്നതിന് നിലവിലുള്ള

സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ വാഹനം ഉപയോഗിച്ച് രാത്രി കാലങ്ങളിൽ കുറ്റകൃത്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ ഉപയോഗിക്കുന്ന വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് സ്ഥാപിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികൾ

2170 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടേയും പുരോഗതി എന്തൊക്കെയെന്നും വിശദമാക്കുമോ?

## കെ ഡിസ്കിലെ നിയമനം

2171 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഡിസ്കിൽ ജൂനിയർ ഫിനാൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടത്; പ്രസ്തുത ഉദ്യോഗസ്ഥന്റെ യോഗ്യത എന്താണ്; ഏത് രീതിയിലാണ് ഇദ്ദേഹത്തെ നിയമിച്ചത്; ടിയാളുടെ യോഗ്യതയും മുൻപരിചയവും വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കെ ഡിസ്ക്

2172 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഡിസ്കിന്റെ ആസ്ഥാനമന്ദിരം നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണ് എന്ന് അറിയിക്കാമോ; പ്രസ്തുത കെട്ടിടം കെ-ഡിസ്കിന്റെ ഉടമസ്ഥതയിലുള്ളതാണോ; അല്ലെങ്കിൽ കെട്ടിട ഉടമയുമായി ഉണ്ടാക്കിയ വാടക കരാർ /ലീസ് എഗ്രിമെന്റ് പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ എത്ര ചതുരശ്ര അടി സ്ഥലമാണ് കെ-ഡിസ്ക് ലീസ്/ വാടകയ്ക്ക് എടുത്തിട്ടുള്ളതെന്നും അവിടെ ഓഫീസ് ക്രമീകരിക്കുന്നതിനായി കെ-ഡിസ്ക് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ഏത് ഏജൻസി മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ ടെൻഡർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ടെൻഡർ നടപടി കൂടാതെ അക്രെഡിറ്റെഡ് ഏജൻസിക്ക് എത്ര രൂപയുടെ പ്രവൃത്തികളാണ് ഏല്പിച്ചു നൽകിയതെന്നും പ്രസ്തുത നടപടി ഏത് ചട്ട പ്രകാരമാണെന്നും വ്യക്തമാക്കുമോ; ഓഫീസ്

ക്രമീകരിക്കുന്നതിനായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കെ ഡിസ്ക് ആസ്ഥാനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ കൂടുതൽ സ്ഥലം ലീസ് ചെയ്യുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇത് നടപ്പാക്കിയോ; ലീസ് കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പുതുതായി ലീസ് ചെയ്ത കെട്ടിട ഭാഗത്ത് എന്തൊക്കെ ഇന്റീരിയർ വർക്കുകൾ ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത് ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഇന്റീരിയർ വർക്കുകൾ ഓഫീസ് പ്രവർത്തനത്തിന് അനിവാര്യമാണോ എന്ന് ഏതെങ്കിലും സർക്കാർ ഏജൻസി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ;

(എഫ്) പ്രസ്തുത പ്രവൃത്തി ഏത് അക്രഡിറ്റഡ് ഏജൻസിക്കാണ് നൽകിയതെന്നും എത്ര രൂപയുടെ പ്രവൃത്തിയാണ് ഇപ്രകാരം നൽകിയതെന്നും ഏത് ചട്ടപ്രകാരമാണ് ടെൻഡർ കൂടാതെ പ്രസ്തുത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിക്ക് നൽകിയതെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ എത്ര തുക റിലീസ് ചെയ്തു നൽകിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എന്നത്തേക്ക് പൂർത്തീകരിക്കണമെന്നാണ് വർക്ക് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കെ ഡിസ്ക് മുഖേന നടപ്പാക്കിയ പദ്ധതികൾ

2173 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഡിസ്കിന്റെ നാളിതുവരെയുള്ള പ്രവർത്തനം വ്യക്തമാക്കുമോ; കെ ഡിസ്ക് മുഖേന നടപ്പാക്കിയ പദ്ധതികളും അവയിലൂടെ കൈവരിച്ച നേട്ടങ്ങളും വിശദമാക്കുമോ;

(ബി) കെ ഡിസ്കിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

## കെ-ഡിസ്കിലെ നിയമനങ്ങൾ

2174 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സ്റ്റാഫ് പാറ്റേണും വ്യക്തമാക്കുമോ; നിലവിൽ കെ -ഡിസ്കിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താൽക്കാലിക /കരാർ ജീവനക്കാരുണ്ടെന്നും എത്ര സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കെ-ഡിസ്കിന്റെ രൂപീകരണം മുതൽ നാളിതുവരെ എത്ര ജീവനക്കാരെ കരാർ/ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും ഏതൊക്കെ

തസ്തികകളിലാണ് നിയമനം നടത്തിയതെന്നും വിശദമാക്കാമോ; ഓരോ തസ്തികയിലെയും പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിയമിക്കപ്പെട്ട ആളുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് കെ-ഡിസ്കിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്ന് ഇത്തരം നിയമനങ്ങൾ നടത്തുവാൻ പ്രസ്തുത ഏജൻസിക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം, രേഖകൾ എന്നിവ നൽകുമോ?

## കെ-ഡിസ്ക്

2175 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആരാണെന്നും അദ്ദേഹത്തിന് ഈ പദവിയിൽ അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസത്തിൽ അദ്ദേഹം കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന് ഔദ്യോഗിക കാർ, ഔദ്യോഗിക വസതി തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേല്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ആകെ ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കെ-ഡിസ്ക്

2176 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ആരാണെന്നും അദ്ദേഹത്തിന് ഈ പദവിയിൽ അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസത്തിൽ അദ്ദേഹം കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന് ഔദ്യോഗിക കാർ, ഔദ്യോഗിക വസതി തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേല്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ആകെ ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കെ ഡിസ്ക്

2177 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഡിസ്ക് എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, എക്സ് ഒഫീഷ്യോ ഗവണ്മെന്റ് സെക്രട്ടറി എന്ന നിലയിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;വിശദാംശം വ്യക്തമാക്കുമോ; ഏത് റൂൾ പ്രകാരമാണ് അദ്ദേഹത്തിന് ഈ അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**<u>ജവഹർലാൽ നെഹ്റു ബോട്ടാണിക്കൽ ഗാർഡനിലെ ജീവനക്കാർ</u>**

2178 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് ജവഹർ ലാൽ നെഹ്റു ബോട്ടാണിക്കൽ ഗാർഡനിൽ ഇപ്പോൾ എത്ര സ്ഥിരം/താല്ക്കാലിക ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സെക്ഷൻ ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുള്ള സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ കോടതി കേസുകൾ കൂടുതൽ ഉള്ളതിനാൽ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ലോ ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രം</u>**

2179 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആശ്രാമത്തെ കണ്ടൽകാടുകൾ ഉൾപ്പെടുന്ന ജൈവ വൈവിധ്യ മേഖലയിൽ വൻതോതിൽ മാലിന്യ നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യ നിക്ഷേപം തടയുന്നതിനാവശ്യമായ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>സി.ആർ. ഇസെഡ് . ഇളവുകൾ</u>**

2180 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സി.ആർ.ഇസെഡ് . 1,2,3 മേഖലകളിൽ അനുവദിച്ചു വരുന്ന ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>തീരദേശ പരിപാലന പ്ലാനിൽ നഗര സ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം</u>**

2181 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സി.ആർ.ഇസെഡ്. വിജ്ഞാപനപ്രകാരം തീരദേശ പരിപാലന പ്ലാനിൽ

നഗര സ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം നൽകാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ പരിസ്ഥിതി വകുപ്പ് സ്വീകരിക്കുന്ന നടപടിയെ കുറിച്ച് വിശദമാക്കുമോ;

(സി) 2021-ലെ വിജ്ഞാപനപ്രകാരം നഗര സ്വഭാവമുള്ള എത്ര പഞ്ചായത്തുകളെയാണ് ഗ്രേഡ് എ ആയി തരം തിരിച്ചിട്ടുള്ളത്; ഇവയിൽ സി.ആർ.ഇസെഡ്. 3 ബാധകമായ പഞ്ചായത്തുകളെ ഇളവുകളുള്ള സി.ആർ.ഇസെഡ്. 2 ൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കെ.എ.എസ്. വിജ്ഞാപനം

2182 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യ വിജ്ഞാപനം വന്ന് മൂന്ന് വർഷം പിന്നിട്ടിട്ടും കെ.എ.എസ്. അടുത്ത വിജ്ഞാപനം പുറത്തിറക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ കെ.എ.എസിന് പുതുതായി തസ്തിക കണ്ടെത്തി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എ.എസിന് കൂടുതൽ തസ്തികകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എ.എസ്.ന്റെ ആദ്യ ബാച്ചിലെ മുഴുവൻ പേർക്കും നിയമനം നൽകാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഇ) വിവിധ വകുപ്പുകളിൽ പ്രമോഷന് വേണ്ടി കെ.എ.എസിനായി നീക്കി വെച്ച തസ്തികകൾ വെട്ടിച്ചുരുക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

2183 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) 2016-21 കാലയളവിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(സി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശം അറിയിക്കാമോ?

## കെ.പി.എസ്.സി. നിയമന ശിപാർശകൾ

2184 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ 2022 ഒക്ടോബർ വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് കെ.പി.എസ്.സി. നിയമന ശിപാർശകൾ നൽകിയിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## പബ്ലിക് സർവ്വീസ് കമ്മീഷൻ – ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ

2185 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന് കീഴിൽ എത്ര ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ എത്ര പരീക്ഷ കേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

## ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് പരീക്ഷ

2186 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് കാറ്റഗറി നമ്പർ 516/2021 പ്രകാരം വിജ്ഞാപനം ചെയ്ത പരീക്ഷയുടെ സിലബസ്, കലണ്ടർ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിജ്ഞാപനം പ്രസിദ്ധീകരിച്ചത് എന്നാണ്; ആയതിന് എത്ര അപേക്ഷകരുണ്ട്; സിലബസും പരീക്ഷ തീയതിയും പ്രഖ്യാപിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## നിയമനങ്ങൾക്ക് വിശേഷാൽ ചട്ടം തയ്യാറാക്കൽ

2187 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടെങ്കിലും നിയമനങ്ങൾ നടത്താൻ സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിശ്ചിത കാലയളവിനുള്ളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി പി.എസ്.സി.യ്ക്ക് നൽകാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ;

(ഡി) പി.എസ്.സി.യ്ക്ക് വിട്ട ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പി.എസ്.സി. മുഖേന ജോലി

2188 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

2189 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെങ്കിലും പി.എസ്.സി. മുഖേന റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചത് എന്നാണ് എന്നും ഓരോ സ്ഥാപനത്തിലും റിക്രൂട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ?

## വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

2190 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; എത്ര പേരുൾപ്പെട്ട റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്നും ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി കഴിഞ്ഞപ്രാവശ്യം എത്രപേരുൾപ്പെട്ട റാങ്ക് ലിസ്റ്റാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ നിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിലെ നിയമന ശിപാർശയ്ക്കായി പി.എസ്.സി.യിലേക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും വരുന്ന രണ്ട് വർഷങ്ങളിലായി എത്രപേർ സർവീസിൽ നിന്നും വിരമിക്കുമെന്നും ഇതിന് ആനുപാതികമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് വഴിയോ താൽക്കാലികമായോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവരെ അടിയന്തരമായി മാറ്റി ആ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുമോയെന്ന് വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തിക

2191 **ശ്രീമതി.ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കോട്ടയം ജില്ലയിൽ നിലവിലുള്ള യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽപ്പെട്ട( കാറ്റഗറി നമ്പർ 517/2019) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിൽ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച് എന്തെങ്കിലും കോടതി വ്യവഹാരം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നമ്പർ, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് / ടൈപ്പിസ്റ്റ് നിയമനം

2192 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കാറ്റഗറി 103/2019 പ്രകാരം ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലുള്ള സർക്കാർ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റ് തസ്തികകൾ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഓഫീസുകളുടെ പേരും അതാത് ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റിന്റെ അംഗീകൃത തസ്തികകൾ എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്രപേർ വീതം താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്നുണ്ടെന്നും അപ്രകാരം ഏതെല്ലാം ഓഫീസുകളിൽ എത്രവീതം ജീവനക്കാരുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ജില്ലയിലെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ടൈപ്പിസ്റ്റ് ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ 2023 വരെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്കികയിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

## കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

2193 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 325/2020 വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയി ലേക്കുള്ള എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര ഒഴിവുകൾ വീതം എന്നത് സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിൽ ഏതെല്ലാം കമ്പനികളേയും ബോർഡുകളേയും കോർപ്പറേഷനുകളേയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്പനി-ബോർഡുകളിൽ ഇനി എത്ര എൽ.ഡി.ടൈപ്പിസ്റ്റുകളുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തേണ്ട ഏതെല്ലാം കമ്പനി-ബോർഡ് -കോർപ്പറേഷനുകളിൽ, താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ, എത്രപേരെ വിതമാണ് നിയമിച്ചിട്ടുള്ളതെന്ന് സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഇ) കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് നിയമനത്തിനായി 2023 ഡിസംബറിനകം എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള ചുരുക്കപട്ടിക എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം</u>

2194 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിക്കുന്നതിനായി കെ.പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതിനകം നിയമനം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേ നിയമനങ്ങൾക്കായി നിലവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നിന്നും കെ.പി.എസ്.സി.യിലേ ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം</u>

2195 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള കാറ്റഗറി നമ്പർ 548/2019 റാങ്ക് പട്ടികയിൽ നിന്നും എത്ര ഉദ്യോഗാർഥികൾക്ക് നാളിതുവരെ ഇറിഗേഷൻ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നിയമനം സാധ്യമാകുന്ന വിധത്തിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉണ്ടോയെന്നറിയിക്കാമോ;

(സി) എങ്കിൽ റാങ്ക് പട്ടികയിൽ ഉള്ളവർക്ക് നിയമനം സാധ്യമാകുന്ന രീതിയിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>വകുപ്പുകളിലെ തസ്തികയും എണ്ണവും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കൽ</u>

2196 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിലെ ഓരോ ഓഫീസുകളിലും അനുവദിക്കപ്പെട്ട തസ്തികയും അവയുടെ എണ്ണവും ബന്ധപ്പെട്ട വകുപ്പുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അത്തരത്തിൽ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പുകൾക്ക് എന്തെങ്കിലും നിർദ്ദേശം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>സമയബന്ധിത ഓഫീസ് നടപടി നിർവ്വഹണം</u>

2197 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ മേലധികാരികൾ സമയബന്ധിതമായി ഓഫീസ് നടപടികൾ സ്വീകരിക്കാത്തതിന്റെ ഫലമായി കീഴ്ജീവനക്കാരുടെ സേവന-വേതന വിഷയങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുടെ ഉത്തരവാദിത്തം ആർക്കാണെന്ന് വിശദമാക്കാമോ;

(ബി) മേൽ വിഷയം പരിഹരിക്കുന്നതിന് കേരള സർവ്വീസ് റൂൾസ്, കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവയിൽ നിലവിൽ ചട്ടമുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സർക്കാർ സർവീസിൽ ഭിന്നശേഷിക്കാർക്ക് സംവരണം</u>

2198 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈറ്റ്സ് ഓഫ് പെഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി ആക്ട് 2016 അനുസരിച്ച് സർക്കാർ സർവീസിൽ ഭിന്നശേഷിക്കാർക്ക് സംവരണം ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സർവീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; ഭിന്നശേഷി ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിലും സംവരണം നൽകണമെന്നുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

## <u>സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കൽ</u>

2199 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതി

രഹിതവുമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## <u>സ്പെഷ്യൽ റൂൾ</u>

2200 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വകുപ്പുകളിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) ഇനി സ്പെഷ്യൽ റൂൾ വരാനുള്ളത് ഏതൊക്കെ വകുപ്പുകളിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരാത്ത വകുപ്പുകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാറുണ്ടോ;

(ഡി) അത്തരത്തിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിൽ; വിശദാംശം ലഭ്യമാക്കാമോ?

## <u>സർവ്വീസ് സീനിയോറിറ്റി</u>

2201 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞതിന് ശേഷം പി.എസ്.സി. മുഖേന മറ്റൊരു വകുപ്പിൽ നിയമനം കിട്ടുകയും പ്രസ്തുത വകുപ്പിൽ 4 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ച് വരുകയും ചെയ്യുന്ന ഒരാൾക്ക് തിരികെ മുൻസിപ്പൽ കോമൺ സർവ്വീസിലേക്ക് മടങ്ങി പോകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ മടങ്ങിപ്പോകുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ മുൻകാല സർവ്വീസ് സീനിയോറിറ്റി, സാലറി എന്നിവ സംരക്ഷിച്ച് നൽകുമോ; വ്യക്തമാക്കാമോ?

## <u>ആശ്രിത നിയമനനം</u>

2202 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിലെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമന പദ്ധതി അനുസരിച്ച് 2015 മുതൽ 2021 വരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ എത്രപേർക്ക് നിയമനം നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിനായി പൊതുഭരണ വകുപ്പ് തയ്യാറാക്കുന്ന പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും 40 വയസ്സ് പിന്നിട്ടതുമായ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 40 വയസ്സ് പിന്നിട്ട ഉദ്യോഗാർത്ഥികളുടെ നിയമത്തിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാമോ?

## കരാർ അടിസ്ഥാനത്തിൽ ജോലി നൽകി സ്ഥിരപ്പെടുത്തിയത്

2203 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/പൊതുമേഖല/ബോർഡ്/കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിൽ 2016 ജൂൺ മുതൽ 2022 നവംബർ 25 വരെ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിപ്പിച്ച് സ്ഥിരനിയമനം നല്കപ്പെട്ടവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരിഗണനയിലുള്ള കേസ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ, ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്നും എത്ര തസ്തികളിലേക്കാണ് അപ്രകാരം നിയമനം നടത്തിയതെന്നും തരംതിരിച്ച് വിവരം ലഭ്യമാക്കുമോ?

## സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നിയമനം

2204 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ചല്ലാതെ നേരിട്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിന് സി.എം.ഡി.യ്ക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സി.എം.ഡി. മുഖേന റിക്രൂട്ട്മെന്റ് നടത്തുന്ന നടപടിക്രമം എന്താണെന്ന് അറിയിക്കുമോ;

(ഡി) എംപ്ലോയ്മെന്റിലും പ്രൊഫഷണൽ എംപ്ലോയ്മെന്റിലും രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി അനുസരിച്ച് ജോലിയ്ക്കായി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ ഉള്ളപ്പോൾ അവരെ മറികടന്നുകൊണ്ട് സി.എം.ഡി. മുഖേന നിയമനം നടത്തുന്ന രീതി അടിയന്തരമായി അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

2205 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്കും ഓഫീസുകൾക്കുമാണ് ആദ്യ ഘട്ടമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത ഘട്ടത്തിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ മേഖലകളിലാണ് ആയത് നൽകാൻ ഉദ്യേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ

സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## സൈബർശ്രീ പദ്ധതി

2206 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റും പട്ടികജാതി വികസന വകുപ്പും ചേർന്ന് രൂപീകരിച്ച സൈബർശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) രൂപീകരണം മുതൽ സൈബർശ്രീ പദ്ധതി വഴി നടത്തിയ പരിശീലനങ്ങളുടെ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ നടത്താനായി പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഐ.ടി. മേഖലയിലെ പുരോഗതി

2207 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം മുകേഷ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഐ. ടി. പാർക്കുകൾ, കമ്പനികൾ എന്നിവയുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) യുവ പ്രൊഫഷണലുകൾക്ക് സ്വന്തം നാട്ടിൽ തന്നെ തൊഴിൽ ചെയ്യുവാൻ സാധിക്കുന്ന വിധം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഐ.ടി. മേഖലയിലെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഐ.ടി. സേവന കയറ്റുമതിയിൽ എത്രത്തോളം വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

2208 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം

ലഭ്യമാക്കാമോ?

**കോട്ടയം ജില്ലയിലെ അക്ഷയ സെന്ററുകൾ**

2209 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ എത്ര അക്ഷയ സെന്ററുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

**കെ-ഫോൺ പദ്ധതി നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങൾ**

2210 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം കേബിൾ സ്ഥാപിക്കാനായി റെയിൽവയർ അടക്കമുള്ള ഏഴ് സ്ഥാപനങ്ങൾക്ക് ഉപകരാർ നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുമായി സർക്കാർ ഉണ്ടാക്കിയ കരാറിൽ ഉപകരാർ നൽകാം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഉപകരാർ ലഭിച്ച റെയിൽവയർ അടക്കമുള്ള സ്ഥാപനങ്ങൾ വീണ്ടും ഉപകരാർ നൽകിയത് കരാർ വ്യവസ്ഥകളുടെ ലംഘനമാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാരിൽ നിന്നും വൻ തുക വാങ്ങിയെടുത്തുകൊണ്ട് കുറഞ്ഞ നിരക്കിൽ ഉപകരാർ നൽകുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**വികസനമുന്നേറ്റം - ഐ.ടി. മേഖലയിലെ പദ്ധതികൾ**

2211 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ വികസനമുന്നേറ്റത്തിന് ഗതിവേഗം കൂട്ടുന്ന പദ്ധതികൾ ഐ.ടി. മേഖലയിൽ പൂർത്തീകരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ദേശീയപാത 66 -ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

## കെ-ഫോൺ പദ്ധതി

2212 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ സുശക്തവും കാര്യക്ഷമവും ആക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കെ-ഫോൺ പദ്ധതി ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എത്രത്തോളം കുടുംബങ്ങൾക്കും മറ്റുള്ളവർക്കും യഥാക്രമം സൗജന്യമായും മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സാധിക്കും; വിശദമാക്കാമോ;

(സി) കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ, കെ-ഫോൺ നെറ്റ് വർക്കിന്റെ രൂപരേഖ എന്നിവയുടെ വിശദാംശം വെളിപ്പെടുത്താമോ?

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

2213 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സി-ഡിറ്റിലെ ജീവനക്കാർക്ക് മറ്റേതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനം മാനേജ്മെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സി-ഡിറ്റിലെ ജീവനക്കാർക്ക് പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

## കെ-ഫോൺ പദ്ധതി

2214 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായുള്ള കരാർ ഏത്

സ്ഥാപനത്തിനാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ഒരു മീറ്റർ കെ-ഫോൺ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് സർക്കാരിന് ചെലവ് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാർ നൽകിയ തീയതിയും കരാർ അവസാനിക്കുന്ന തീയതിയും വ്യക്തമാക്കാമോ;

(ഡി) ഭാരത് ഇലക്ട്രോണിക്സ് റെയിൽ ടെൽ കോർപറേഷനും അടങ്ങിയ കരാർ കാലാവധി എന്നാണ് അവസാനിച്ചത് എന്നും പ്രസ്തുത കരാർ പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

## ഐ.ടി. വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

2215 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## പെരുമ്പാവൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം

2216 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതു പ്രദേശങ്ങൾക്ക് പുറമേ പ്രത്യേക പരിഗണന നൽകി പോങ്ങൻ ചുവട് ആദിവാസി മേഖലയിലേക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ?

## വീര ചരമം പ്രാപിച്ച അഭിജിത്തിന്റെ കുടുംബത്തിന് ധനസഹായം

2217 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 14ന് ജമ്മു കാശ്മീരിൽ വെച്ച് സൈനിക സേവനത്തിനിടെ

വീരചരമം പ്രാപിച്ച പുനലൂർ നിയോജകമണ്ഡലത്തിലെ ഇടയം എന്ന സ്ഥലത്തുള്ള അഭിജിത്തിന്റെ കുടുംബത്തിന് വീട് വെക്കുന്നതിലേക്കായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത തുക അഭിജിത്തിന്റെ കുടുംബത്തിന് നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത കുടുംബത്തിന് തുക ലഭിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

## <u>എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട്</u>

2218 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണത്തിന്മേൽ ലാൻഡ് റവന്യൂ അസിസ്റ്റൻറ് കമ്മീഷണറും ധനകാര്യ പരിശോധനാ വിഭാഗവും നടത്തിയ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം</u>

2219 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരണം</u>

2220 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കൂടുതൽ ജനങ്ങൾക്ക് സഹായകരമാകുന്ന നിലയിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിർധന രോഗികൾക്ക് ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകി വരുന്ന ചികിത്സാ സഹായങ്ങൾ</u>

2221 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകി വരുന്ന ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ

ക്രോഡീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ പിറവം മണ്ഡലത്തിൽ എത്ര രൂപയുടെ ചികിത്സാ സഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ താലൂക്ക്/വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടുണ്ടോ; എങ്കിൽ പിറവം മണ്ഡലത്തിൽ ഉൾപ്പെടുന്ന താലൂക്ക്/വില്ലേജ് കളിലൂടെ വിതരണം ചെയ്ത ചികിത്സാ സഹായം എത്രയെന്ന് അറിയിക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

2222 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനും മറ്റുമായി എത്ര തുകയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നെന്മാറ മണ്ഡലത്തിലേക്ക് എത്ര തുകയാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## റീബിൽഡ് കേരള പദ്ധതി - ആലത്തൂർ മണ്ഡലം

2223 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## കോഴിക്കോട് വിമാനത്താവള റൺവെ വികസനം

2224 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള റൺവെ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) റൺവേയ്ക്ക് സമമായി ഭൂമി നിരപ്പാക്കി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; എങ്കിൽ ഇതിന് എത്ര തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന് ആവശ്യമായ തുക കണ്ടിൻജൻസി ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് പുതുതായി ഭൂമി ഏറ്റെടുക്കൽ

2225 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് പുതുതായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലിന്റെ പ്രാഥമിക ചെലവിലേക്ക് 50 ലക്ഷം രൂപയുടെ കണ്ടിൻജൻസി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമി റൺവേയ്ക്ക് സമാനമായി നിരപ്പാക്കുന്ന പ്രവൃത്തിയുടെ ചെലവ് ആരാണ് വഹിക്കുക എന്ന് ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത വിമാനത്താവളം സ്വകാര്യവല്ക്കരിക്കുന്നു എന്ന റിപ്പോർട്ടുകളിൽ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുമോ;

(എഫ്) ഇവിടെ വലിയ വിമാനങ്ങൾ ഇറങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിലേക്ക് മെട്രോ റെയിൽ</u>

2226 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്. എൻ ജംഗ്ഷനിൽ നിന്ന് തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിലേക്കുള്ള മെട്രോ റെയിൽ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ആലുവ മുതൽ എസ്. എൻ ജംഗ്ഷൻ വരെ മെട്രോ റെയിൽ നിർമ്മാണം പൂർത്തിയായപ്പോൾ 22 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചതുപോലെ എസ്.എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ 22 മീറ്റർ വീതിയിലുള്ള റോഡ് നിർമ്മിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## <u>മൊബൈൽ ആപ്പുകൾ ടോൾ ഫ്രീ ഹെല്പ് ലൈനുകൾ</u>

2227 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏതൊക്കെ മൊബൈൽ ആപ്പുകളും ടോൾ ഫ്രീ ഹെല്പ് ലൈനുകളും നിലവിലുണ്ട്; വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മൊബൈൽ ആപ്പുകളും ടോൾ ഫ്രീ ഹെല്പ് ലൈൻ നമ്പറുകളും കൈകാര്യം ചെയ്യുന്നത് ഏതു കമ്പനിയാണെന്ന് വ്യക്തമാക്കുമോ?

## <u>ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പിൽ കൂടുതൽ തസ്തികകൾ</u>

2228 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരിപാടികൾ പൊതുജനങ്ങളിൽ എത്തിക്കേണ്ട ചുമതലയുള്ള ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി വിശദീകരിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റൻറ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വീതം തസ്തികകൾ സൃഷ്ടിക്കാനാണ് പ്രൊപ്പോസൽ സമർപ്പിച്ചത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ?

## നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

2229 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീ എം നൗഷാദ്**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശജോലി കാംക്ഷിക്കുന്ന അഭ്യസ്തവിദ്യരെ സ്വകാര്യ ഏജൻസികളുടെ തട്ടിപ്പിനിരയാക്കാതെ വിദേശ തൊഴിൽ ലഭ്യമാക്കാൻ നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സമീപ കാലത്തെ വിദേശയാത്രയുടെ ഫലമായി വിപുലമായ തോതിൽ യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ തുറന്നു കിട്ടിയിട്ടുണ്ടോ; ഇതിനായി ധാരണപത്രം ഒപ്പിട്ടിട്ടുണ്ടോ;

(സി) വിദേശ തൊഴിലിന് കേരളീയരെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം സമരം

2230 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി.ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് സമരത്തിന്റെ ഭാഗമായി നടക്കുന്ന സംഘർഷങ്ങൾ ഒഴിവാക്കാൻ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞത്ത് ഉണ്ടായ സംഘർഷത്തിന്റെ പേരിൽ ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആർച്ച് ബിഷപ്പിനെതിരെ അടക്കം കേസ് എടുത്ത പോലീസ് നടപടി പ്രദേശത്ത് പ്രകോപനം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം സമരത്തെ വർഗീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ?

**<u>ആഭ്യന്തര വകുപ്പ് വാങ്ങിയ ക്യാമറകൾ</u>**

2231 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ആഭ്യന്തര വകുപ്പ് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര രൂപ നിരക്കിൽ നിരത്തുകളിൽ സ്ഥാപിക്കാനുള്ള ക്യാമറകൾ വാങ്ങി എന്ന വിവരം ലഭ്യമാക്കുമോ?

**<u>തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി</u>**

2232 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി തോക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടും കോഴിക്കോട് ജില്ലയിൽ തോക്ക് ലൈസൻസ് അനുവദിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) അർഹതയുള്ളവർക്ക് തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മാനന്തവാടി ജില്ലാ ജയിലിലെ അക്കൗണ്ടന്റ് ജനറലിന്റെ അന്വേഷണം</u>**

2233 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ജയിലിൽ അക്കൗണ്ടന്റ് ജനറൽ (A G) അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>പോലീസ് സേനയെ നവീകരിക്കുന്നതിന് നടപടി</u>**

2234 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലം ഉള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിച്ച് പോലീസ് സേനയെ നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>പോലീസ് വകുപ്പിലെ നിയമനങ്ങൾ</u>**

2235 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ക്യാമ്പ് ഫോളോവർമാർക്ക് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയ

സാഹചര്യത്തിൽ ഈ വിഭാഗത്തിൽ പി.എസ്.സി.വഴിയുള്ള നിയമന നടപടികൾ എത്രത്തോളമായി എന്ന് അറിയിക്കുമോ?

## പഞ്ചായത്തുകളിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം

2236 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് മേധാവിയുടെ 23.01.2020 ലെ പി .എച് .ക്യൂ. സർക്കുലർ നമ്പർ 06/2020 പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആഴ്ചയിൽ ഒരു ദിവസം ലഭ്യമാകേണ്ട വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാകുന്നില്ല; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(സി) വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം പല പഞ്ചായത്തുകളിലും ലഭ്യമാകുന്നില്ലെന്ന വിവരം യഥാസമയം പോലീസ് മേധാവിയെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ?

## സ്വർണക്കടത്തുമായി ബന്ധപ്പെട്ട കേസുകളിലെ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

2237 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണക്കടത്തുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസ്, യാത്രപ്പടി, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളുടെ ഗ്രേഹൗണ്ട് കോഴ്സ്

2238 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളിൽ നാളിതുവരെ ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാതെ മാവോയിസ്റ്റ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ വാങ്ങിക്കുന്ന എത്ര പേർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓഫീസർമാരുടെ അറിവോടെയാണോ പ്രസ്തുത കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ മാവോയിസ്റ്റ് അലവൻസ് വാങ്ങിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യാറുണ്ടോ; എങ്കിൽ ആരുടെ ഉത്തരവ് പ്രകാരമാണ് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സേനാംഗമായ സുനീഷിന് പാലക്കാട് വച്ച് കോഴ്സിനിടയിൽ 14.9.2021-ന് ശാരീരിക അസ്വസ്ഥത ഉണ്ടെന്ന് ബോധിപ്പിച്ചിട്ടും ചാർജിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ നിർബന്ധപൂർവം സുനീഷിനെ 15.9.2021-ൽ ട്രെയിനിംഗ് എടുപ്പിക്കുകയും ടിയാൻ കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത

സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശാരീരിക അസ്വസ്ഥത അറിയിച്ചിട്ടും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയോ പിറ്റേ ദിവസത്തെ ട്രെയിനിംഗിൽ നിന്നും മാറ്റി നിർത്തുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) സുനീഷിനെ ട്രെയിനിംഗിൽ നിന്നും എന്തുകൊണ്ട് മാറ്റിനിർത്തിയില്ല എന്നും വൈദ്യപരിശോധനയ്ക്ക് എന്തുകൊണ്ട് വിധേയമാക്കിയില്ല എന്നും വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നിയമ നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ഭിന്നശേഷിക്കാരൻ ആയ രതീഷ് മരണപ്പെട്ട കേസ് സി.ബി.ഐ.ക്ക്</u>

2239 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ ഭിന്നശേഷിക്കാരനായ രതീഷ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മരണം കൊലപാതകമാണ് എന്ന് ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) രതീഷിന്റെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.ക്ക് വിട്ടുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

## <u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി</u>

2240 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പലവിധ കേസുകളുമായി ബന്ധപ്പെട്ട ആയിരകണക്കിന് വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നത് മഴയും വെയിലും കൊണ്ട് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളിൽനിന്ന് വിലപിടിപ്പുള്ള വസ്തുക്കൾ മോഷ്ടിക്കാൻ വഴിയൊരുക്കുന്നതും ഇവയിൽ വിഷപ്പാമ്പടക്കമുള്ള ഇഴജന്തുക്കൾ താവളമാക്കുന്നത് മൂലം പൊതുജനങ്ങൾക്ക് ഭീഷണിയാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്ന പരിഹാരത്തിന് സർക്കാർ എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ;

(ഡി) ഇത്തരത്തിൽ പിടിക്കപ്പെട്ട വാഹനങ്ങൾ കേസ് തീരുമ്പോൾ ഉപയോഗശൂന്യമായി ആക്രിക്ക് കൊടുക്കേണ്ട അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) വിവിധ കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിന്റെ വില ട്രഷറിയിൽ ഒടുക്കി കേസ് തീരുമ്പോൾ ഉടമക്ക് ട്രഷറി വഴി നൽകുകയോ അല്ലെങ്കിൽ തുക സർക്കാരിലേക്ക് കണ്ടുകെട്ടുകയോ ചെയ്യുന്നതിന് നിയമം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>ഫോറൻസിക് ലാബ് പരിശോധനയുടെ റിപ്പോർട്ട്</u>

2241 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21 US 427, 436 IPC(ഐ.പി.സി.) യായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ ഫോറൻസിക് ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിന്മേലുള്ള പോലീസിന്റെ ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) കുറ്റകൃത്യം നടന്ന് ഒരു വർഷമായിട്ടും പ്രതികളെ പിടിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസിന്മേൽ പ്രതികളെ അടിയന്തരമായി കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ</u>

2242 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>പോലീസ് സേനയുടെ നവീകരണം</u>

2243 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനായി നടപ്പിലാക്കിയ പരിഷ്കാരങ്ങളും പദ്ധതികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളങ്കിത പ്രവർത്തനങ്ങൾക്ക് നടപടി നേരിട്ട എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## <u>വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ആർച്ച് ബിഷപ്പിനെതിരെയുള്ള കേസ്</u>

2244 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെതിരെ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് സ്ഥലത്തില്ലാതിരുന്ന ബിഷപ്പിനെതിരെ കേസ് രജിസ്റ്റർ ചെയ്തത് തെറ്റായ കീഴ് വഴക്കമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത്തരത്തിൽ ഒരു നടപടി സ്വീകരിക്കാൻ തയ്യാറായതിന്റെ കാരണം വിശദമാക്കാമോ;

(ഡി) സംഭവസ്ഥലത്ത് ഇല്ലാതിരുന്ന ബിഷപ്പിനെതിരെയുള്ള കേസുകൾ

ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**വ്യവസായം തുടങ്ങാൻ കാലതാമസം വരുത്തിയ ഫോറസ്റ്റ്ഉദ്യോഗസ്ഥർക്കെതിരെ നടപടി**

2245 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടൽ മൂലം പാലക്കാട് ജില്ലയിലെ മൈലമ്പുള്ളി എന്ന സ്ഥലത്ത് ഹൈവേ സൈഡിൽ വ്യവസായം തുടങ്ങുന്നതിനു കാലതാമസം നേരിടുന്നു എന്ന് ആരോപിച്ച് യുവ വ്യവസായി ശ്രീ. എ. വി സന്ദീപ് സംസ്ഥാന പോലീസ് മേധാവിക്ക് (ADGP intelligence) സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ 14.03.2022 ന് നൽകിയ No.G10(a)-8527/2022/SB ADGP of Intelligence പരാതിയിൽ No. 962/ssb/22 of dysp of SSB Palakkad,488/SSB/22 of DYSP, SSB Palakkad, CA-1132/22/SB-TSR of Superintendent of police ssb rank 09.02.2022 മേൽ കേസുകളിൽ അന്വേഷണം നടത്തി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെപകർപ്പ് നൽകാമോ?

**കിളികൊല്ലൂർ കേസിലെ പോലീസ് റിപ്പോർട്ട്**

2246 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളികൊല്ലൂരിൽ സൈനികനും സഹോദരനും പോലീസ് സ്റ്റേഷനിൽനിന്ന് മർദ്ദനമേറ്റ സംഭവത്തിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ പോലീസ് സ്റ്റേഷനിൽ ഇവർക്ക് മർദ്ദനം നടന്നു എന്ന് സ്ഥിരീകരിച്ചിട്ടിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി ദൃശ്യങ്ങൾ അടക്കം പുറത്തു വന്നിട്ടും മർദ്ദിച്ചത് ആരാണെന്ന് അറിയില്ലെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സൈനികനേയും സഹോദരനേയും പോലീസ് സ്റ്റേഷനിൽ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ രക്ഷിക്കാനുള്ള ശ്രമങ്ങളാണ് പോലീസ് നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളും മറ്റു രേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി**

2247 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ താഴത്തെ നിലയിൽ സൂക്ഷിച്ചിരുന്ന ഏതാനും

അലമാരകളിൽ നിന്നും ഫയലുകളും മറ്റു അനുബന്ധ രേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പരാതിയിൽ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി ആരോഗ്യവകുപ്പിന്റെ വകുപ്പുതല അന്വേഷണം മാത്രം മതി എന്ന് പോലീസ് തീരുമാനിച്ചിരുന്നോ; ഇതിനുള്ള കാരണം വിശദമാക്കുമോ;

(എഫ്) പ്രസ്തുത പരാതിയിൽ ആരോഗ്യവകുപ്പിന്റെ വകുപ്പുതല അന്വേഷണം മാത്രം മതി എന്ന് പോലീസ് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മുട്ടിൽ മരം മുറി കേസ് അന്വേഷണം

2248 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം നീണ്ടുപോകാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണം നീളുന്നത് കേസിലെ പ്രതികളെ സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസിന്റെ അന്വേഷണം എപ്പോൾ അവസാനിക്കും എന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

2249 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) പുതുതായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഏതൊക്കെ സ്കൂളുകളാണ് നിലവിൽ അപേക്ഷ നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## ആത്മഹത്യാക്കുറിപ്പിനെ അടിസ്ഥാനമാക്കി അന്വേഷണം

2250 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മൂന്നുമാസം മുമ്പ് ആത്മഹത്യ ചെയ്ത രാഷ്ട്രീയനേതാവിന്റെ ആത്മഹത്യാക്കുറിപ്പിൽ തൃശ്ശൂർ കേരളവർമ്മ കോളേജിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച പരാമർശം ഉള്ളതായി പ്രമുഖ ദിനപത്രം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഈ കാര്യത്തിലെ വസ്തുത വെളിപ്പെടുത്തുമോ;

(ബി) ആത്മഹത്യാക്കുറിപ്പിനെ അടിസ്ഥാനമാക്കി കേസിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

2251 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ സംസ്ഥാന സർക്കാർ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസിനത്തിലും യാത്രാപടിയായും മറ്റ് ആനുകൂല്യങ്ങളായും അനുവദിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

2252 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോട്ടയത്തും തിരുവനന്തപുരത്തെ കോടതി റോഡ്, മ്യൂസിയം, കവടിയാർ പണ്ഡിറ്റ് കോളനി എന്നിവിടങ്ങളിലും സ്ത്രീകൾക്കെതിരെ അതിക്രമം നടന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പോക്സോ കോടതികളുടെ പ്രവത്തനം

2253 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; പട്ടിക നൽകാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വ്യക്തമാക്കാമോ;

(ഡി) പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സ്ത്രീകൾ നേരിടുന്ന ആക്രമണം നേരിടാൻ നടപടി</u>**

2254 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടലും ഘടനയും മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുസ്ഥലങ്ങളിലും സൈബറിടങ്ങളിലും സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ആക്രമണം നേരിടുന്നതിനാൽ ആയത് ഫലപ്രദമായി നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളോടും കുട്ടികളോടും പോലീസുകാർ അപമര്യാദയായി പെരുമാറുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) പോലീസ് സ്റ്റേഷനിൽ എത്തുന്ന സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്ത കേസുകളിൽ നിന്നും രക്ഷപ്പെടാൻ പോലീസുകാർ വ്യാജ രേഖയുണ്ടാക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിൽ പ്രതിയായിരുന്ന മലയിൻകീഴ് സർക്കിൾ ഇൻസ്പെക്ടറെ സർക്കാർ സംരക്ഷിച്ചിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) സമാനമായ സംഭവങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ആമിന അബ്ദുൾഖാദിർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി</u>**

2255 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കരിപ്പൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ഡ്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾഖാദിർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 434/2021 യു./എസ്. 174

സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/സി.ബി./ ഇ.കെ.എം./ആർ./2021 റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്ത കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ കണ്ടെത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ</u>

2256 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളും വട്ടപ്പലിശസംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും ജനങ്ങളെ ബോധവൽക്കരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിയമനിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ?

## <u>വനിതാ പോലീസ് സ്റ്റേഷനുകൾ</u>

2257 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നത് എന്നാണ്; എത്ര വനിത പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്;

(സി) സംസ്ഥാന പോലീസ് സേനയുടെ ആകെ അംഗബലം എത്രയാണ്; ഓരോ തസ്തികയിലെയും പുരുഷ വനിത പോലീസുകാരുടെ എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാന പോലീസ് സേനയുടെ അംഗബലത്തിന്റെ എത്ര ശതമാനമാണ് വനിതാ പോലീസ് സേന അംഗങ്ങൾ; വ്യക്തമാക്കുമോ;

(ഡി) അധികാരപരിധിയുടെ വിസ്തൃതി, കൈകാര്യം ചെയ്യുന്ന കേസുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും വനിതാ പോലീസ് സ്റ്റേഷനുകളും മറ്റു പോലീസ് സ്റ്റേഷനുകളും തുല്യനിലയിൽ ആണോ പ്രവർത്തിക്കുന്നത്;

(ഇ) എങ്കിൽ എന്തൊക്കെ അധികാരങ്ങളുടെയും ഭൗതിക സൗകര്യങ്ങളുടെയും കാര്യത്തിലാണ് വനിതാ പോലീസ് സ്റ്റേഷനുകളും മറ്റു പോലീസ് സ്റ്റേഷനുകളും

വ്യത്യസ്തത പുലർത്തുന്നത്;

(എഫ്) വനിതാ പോലീസ് സ്റ്റേഷനുകളിൽ മറ്റു പോലീസ് സ്റ്റേഷനുകളിൽ ഉള്ളതുപോലെ പോലീസ് വാഹനങ്ങളുടെയും ഡ്രൈവറുടെയും സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ അവ ലഭ്യമാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**വയനാട് ജില്ലയിലെ ക്രിമിനൽ കേസുകളുടെ വിശദാംശം**

2258 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 2022 ജനുവരി 1 മുതൽ നവംബർ 30 വരെ ആകെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കൊലപാതക കേസുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ എണ്ണം വ്യക്തമാക്കാമോ;

(സി) ഇതിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആയതിൽ 18 വയസ്സിന് താഴെയുള്ളവർക്ക് നേരെ നടന്ന അതിക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

**കല്ലേരിയിലെ സജീവന്റെ കുടുംബത്തിന് ധനസഹായം**

2259 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21.7.2022 ന് വടകര പോലീസ് കസ്റ്റഡിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത സജീവന്റെ ആശ്രിതർ പ്രായാധിക്യവും അസുഖങ്ങളും കാരണം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് സർക്കാർ സഹായം നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ?

**കയ്പമംഗലം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

2260 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച കയ്പമംഗലം പോലീസ് സ്റ്റേഷൻ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് താൽക്കാലികമായി ആരംഭിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടവും സ്ഥലവും വാങ്ങുന്നതിന് ആവശ്യമായ നടപടി ഏത് ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## പൗരത്വ നിയമ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

2261 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തവർക്കെതിരെ ചുമത്തിയ കേസ്സുകൾ പിൻവലിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) 2019-ൽ നടന്ന സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസ്സുകളിൽ ഇനിയും പിൻവലിക്കാൻ ഉണ്ടോ;

(സി) ഇവ അടിയന്തരമായി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആഭ്യന്തര വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുമുള്ള താൽക്കാലിക നിയമനങ്ങൾ

2262 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം ലഭ്യമാക്കുമോ?

## അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

2263 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി വിജിലൻസ് വകുപ്പ് നടപ്പാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷം നടത്തിയ പരിശോധനകളുടെ വിശദാംശം വെളിപ്പെടുത്താമോ; പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത് വിചാരണയ്ക്കെത്തിയ കേസുകളിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടുവെന്നും എത്രയെണ്ണം വെറുതെ വിട്ടുവെന്നും വിശദമാക്കാമോ;

(ഡി) വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ

കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

**<u>കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം</u>**

2264 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പ്രാഥമികമായി അനുവദിച്ച തുക ആദ്യഘട്ട നിർമ്മാണം ആരംഭിക്കുന്നതിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം ഫൗണ്ടേഷൻ ചെലവ് വലിയതോതിൽ ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പദ്ധതിക്ക് 150 കോടിയോളം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മഞ്ചേരി കോർട്ട് കോംപ്ലക്സ്</u>**

2265 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവൃത്തി പൂർത്തിയായ മഞ്ചേരി കോർട്ട് കോംപ്ലക്സ് കെട്ടിടം അടിയന്തരമായി തുറന്ന് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കിളിമാനൂരിൽ പുതിയ കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി</u>**

2266 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂരിൽ പുതിയ കോടതി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>മഞ്ചേശ്വരം മുൻസിഫ് കോടതി</u>**

2267 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതിലെ ശിരസ്തദാർ തസ്തിക</u>**

2268 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) എറണാകുളത്ത് നിർത്തലാക്കിയ വഖഫ് ട്രിബ്യൂണൽ കോടതിയിലെ ശിരസ്താദാർ തസ്തിക അപ്ഗ്രേഡ് ചെയ്ത് മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതിയിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നം.സി-583/20/ഹോം എന്ന ഫയലിലെ തീരുമാനങ്ങളും നടപടികളും അറിയിക്കാമോ?

## കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം

2269 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായ സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോങ്ങാട് ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണം

2270 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഫയർസ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഈരാറ്റുപേട്ട ഫയർ സ്റ്റേഷനിലെ നിർമ്മാണ പ്രവൃത്തികൾ

2271 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ഫയർ സ്റ്റേഷനിൽ സൗകര്യങ്ങൾ വളരെ പരിമിതമായതിനാൽ നിലവിലുള്ള ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ മുകൾ നിലയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം

2272 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദമാക്കുമോ;

(സി) അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## പെരുമ്പാവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

2273 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പെരുമ്പാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം

2274 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

## അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

2275 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ സെൻട്രൽ ജയിലിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയതിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത് എന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ എ.ജി. യുടെ പരിശോധന നടത്തിയിട്ടുണ്ടെന്നും അവിടെയെല്ലാം കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്നുമുള്ള വിവരം ലഭ്യമാക്കുമോ; കണ്ടെത്തിയ ക്രമക്കേടുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ടോ;എങ്കിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിവരം ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മലപ്പുറം മലബാർ സ്പെഷ്യൽ പോലീസ് ഓഫീസിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി എന്ന വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വയനാട് ജില്ലക്കാരായ തടവുകാരുടെ എണ്ണം

2276 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലക്കാരായ എത്രപേരാണ് വയനാട് ജില്ലയിലുൾപ്പെടെ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കിടക്കുന്നതെന്നറിയിക്കാമോ;

(ബി) ഇതിൽ പട്ടികവിഭാഗക്കാരായ എത്രപേർ ഉണ്ടെന്നും ഇരുപത് വയസ്സിന് താഴെ പ്രായമുള്ള എത്രപേർ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട വയനാട് സ്വദേശികളായ എത്ര തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട് സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന വയനാട് സ്വദേശികളായ തടവുകാരിൽ മുപ്പത് വയസ്സിന് താഴെ പ്രായമുള്ള എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം

2277 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ സ്ഥലം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## പുതുവൈപ്പ് വില്ലേജിൽ ജയിൽ നിർമ്മാണം

2278 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജിൽ ജയിൽ വകുപ്പിനായി റിക്വസിഷൻ ഫോം സമർപ്പിക്കപ്പെട്ടിട്ടുള്ള 300/1 -ൽ പ്പെട്ട 46.948 സെന്റ് സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കുമോ?

## ഗവൺമെന്റ് പ്രസ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ

2279 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം ഗവൺമെന്റ് പ്രസ്സുകളും രാത്രി 10.30 വരെ പ്രവർത്തിക്കുന്നതിനാൽ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ ഇല്ലാത്ത ഗവൺമെന്റ് പ്രസ്സുകളിൽ അവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) രാത്രി 10.30 വരെയും പ്രത്യേക സാഹചര്യങ്ങളിൽ അതിനുശേഷവും പ്രവർത്തിക്കുന്ന ഏതെല്ലാം പ്രസ്സുകളിലാണ് ക്വാർട്ടേഴ്സുകൾ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

## ഷൊർണ്ണൂർ ഗവ. പ്രസ്സിലെ എച്ച്.എം.ടി. മെഷീനുകളുടെ തകരാറുകൾ

2280 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിന് കീഴിലുള്ള ഷൊർണ്ണൂർ ഗവ. പ്രസ്സിൽ എച്ച്.എം.ടി. മെഷീനുകൾ സമയബന്ധിതമായി ഓവർറോളിംഗ് നടത്തുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഷൊർണ്ണൂർ ഗവ. പ്രസ്സിലെ എച്ച്.എം.ടി. പ്രിന്റിംഗ് മെഷീനുകളുടെ മെയിന്റനൻസിനായി എച്ച്.എം.ടി. കമ്പനിയുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റിൽ ഏർപ്പെട്ടിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ നിരന്തര ഉപയോഗം മൂലം സ്പെയർ പാർട്ട്സുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ മെഷീനുകളുടെ പ്രവർത്തനം നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരം കാണാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

## പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം

2281 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തേക്ക് ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തിന്റെ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ ജില്ലകളിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും പ്രസ്തുത പദ്ധതിയിലേക്ക് 2022-23 സാമ്പത്തിക വർഷത്തെ എത്ര പ്രൊപ്പോസലുകളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മുൻഗണനാക്രമത്തിലുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പി.എം.ജെ.വി.കെ. പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി സംസ്ഥാനതല യോഗം 2022-23 സാമ്പത്തികവർഷത്തിൽ ചേർന്നിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് യോഗം ചേരുമെന്ന് അറിയിക്കാമോ;

(ഡി) നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്.-ന്റെ പ്രൊപ്പോസൽ ഉചിത മാർഗേന വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിയ്ക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; മേൽ പദ്ധതി സംസ്ഥാനതല യോഗത്തിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഫയൽ നമ്പരടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഇ) 2020-21, 2021-22 വർഷങ്ങളിൽ പി.എം.ജെ.വി.കെ. പദ്ധതിയിലേക്ക് നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്. പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും പരിഗണിക്കാതെ പോയതിന്റെ കാരണം വിശദമാക്കാമോ; നിലമ്പൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ ഒരു പ്രൊപ്പോസൽ പോലും പരിഗണിച്ചിട്ടില്ലാത്തതും കൂടാതെ

രണ്ട് തവണ ഒഴിവാക്കപ്പെട്ടതും പരിഗണിച്ച് ഇത്തവണ മേൽ പ്രൊപ്പോസൽ മുൻഗണനയിലുൾപ്പെടുത്തുമോ; വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിൽ പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

2282 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലാ കളക്ടറുടെ 05.07.2022 തീയതിയിലെ 1412/22/ പി.എം.ജെ.വി.കെ./ഡി.പി.ഒ./കെ.കെ.ഡി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകിയ, ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശത്തിന്മേൽ (ബി.2/3388/22 തീയതി 03.08.2022) സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഫയൽ നിലവിൽ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ?

## കൊടുവള്ളിയിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം

2283 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള E petn 1304/2022 (ഇ പെറ്റിഷൻ 1304/2022) എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം

2284 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങൾ ഏറെയുള്ളതും സർക്കാർ സ്ഥാപനങ്ങളിൽ നിരവധി ഒഴിവുകൾക്ക സാധ്യതയുള്ളതുമായ മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം അനുവദിക്കണമെന്ന എം.എൽ.എ.യുടെ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അവിടെ ന്യൂനപക്ഷങ്ങൾക്കായി പരീക്ഷാ പരിശീലന കേന്ദ്രം തുടങ്ങുന്നതിനു നടപടികൾ സ്വീകരിക്കുമോ?

## 2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം ജീവനക്കാരുടെ ഹാജർ

2285 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാർ ഹാജർ ആയിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിൽ ജോലിക്ക് ഹാജർ ആകാൻ സാധിക്കാത്ത എത്ര ജീവനക്കാർ പണിമുടക്ക് ദിവസം അവധി അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) പണിമുടക്ക് ദിവസം ജോലിക്ക് ഹാജർ ആയതിന്റെ പേരിൽ ജീവനക്കാരനെ മർദ്ദിച്ചത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പണിമുടക്ക് ദിവസം വികാസ്ഭവനിലുള്ള ഓഫീസുകളിൽ എത്ര ജീവനക്കാർ ഹാജർ ആയിരുന്നുവെന്നും എത്ര പേർ ലീവിന് അപേക്ഷിച്ചിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) പണിമുടക്ക് ദിവസങ്ങളിൽ പബ്ലിക് ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ആഫീസുകളിൽ എത്ര പേർ ജോലിക്ക് ഹാജർ ആയിരുന്നുവെന്നും എത്ര പേർ അവധി അപേക്ഷ നൽകിയിരുന്നുവെന്നും വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

2286 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് വ്യക്തമാക്കാമോ;

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2287 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനൊന്നു വർഷം മുമ്പുള്ള സെൻസസ് പ്രകാരം തയ്യാറാക്കിയ ഡേറ്റാബേസിൽ ഉൾപ്പെട്ട ബി.പി.എൽ. കുടുംബങ്ങളാണ് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ കൊല്ലം ജില്ലയിൽ നൂറുകണക്കിന് പേർ പദ്ധതിയിൽ ഉൾപ്പെടാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി

2288 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി 2019 മുതൽ നാളിതുവരെ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി.) പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണ്; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും കൊടുത്തു തീർക്കാനുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ ക്ലെയിംസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കെ.ബി.എഫ്. (കാരുണ്യ ബെനവലന്റ് ഫണ്ട്) പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി വിദേശ ഏജൻസികളുടെയോ വിദേശ ഗവേഷണ സ്ഥാപനങ്ങളുടെയോ സാങ്കേതിക സഹായം കിട്ടുന്നുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഗുണഭോക്താക്കളുടെയോ ഇൻഷുറൻസ് ക്ലെയിമുകളുടെയോ വിവരങ്ങൾ (ഹെൽത്ത് ഇൻഫർമേഷൻ) മറ്റു സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്താൻ നടപടി

2289 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ മാതൃകയിൽ മറ്റ് ആരോഗ്യ സുരക്ഷാ പദ്ധതികളിൽ പുതിയ അംഗങ്ങളെ ചേർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ അംഗങ്ങൾ അല്ലാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി

2290 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിലാണ് ഈ സൗകര്യം നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സക്ക് ഈ ആനുകൂല്യം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മൃതസഞ്ജീവനി പദ്ധതി

2291 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മൃതസഞ്ജീവനി പദ്ധതി പത്താം വർഷത്തിൽ എത്തി നിൽക്കുമ്പോൾ ഇതുവഴി നൽകിയത് എത്ര അവയവങ്ങളാണ്; ഇതുമൂലം എത്ര പേരുടെ ജീവൻ നിലനിർത്തി; വ്യക്തമാക്കുമോ;

(സി) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ടു വൈകാതിരിക്കുവാനും അവയവദാനം സുതാര്യമാക്കുവാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്

2292 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിൽമേൽ തീരുമാനമെടുക്കുന്നതിൽ അനിശ്ചിതമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ റീംഇംപേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിൽ ആരോഗ്യ വകുപ്പു ഡയറക്ടേറ്റിൽ എന്ന് മുതൽക്കുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിൽ ആവശ്യത്തിന് ജീവനക്കാരെ ചുമതലപ്പെടുത്താത്തതാണ് കാലതാമസം നേരിടുന്നതിന് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന് പരാതികൾ ഉണ്ടാവുന്ന സാഹചര്യത്തിൽ മതിയായ ജീവനക്കാരെ ചുമതലപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകളിൽ മേൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ ആർദ്രം പദ്ധതി

2293 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## അരൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

2294 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും ആയതിന് അനുവദിക്കപ്പെട്ട തുക എത്രയാണെന്നും വിശദമാക്കാമോ?

**ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച ഒപ്റ്റോമെട്രിസ്റ്റ് തസ്തിക**

2295 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിരുന്ന ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ ഇതുവരെ എത്ര തസ്തിക സൃഷ്ടിച്ചുവെന്നും ഇനി എത്രയെണ്ണം സൃഷ്ടിക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) ഒഫ്താൽമോളജി ഉണ്ടായിട്ടും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഇല്ലാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി.**

2296 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന പേരിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ ചെയർമാൻ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സൊസൈറ്റിയുടെ അധീനതയിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; അവരുടെ പേര് വിവരം, തസ്തിക, നിയമന രീതി, നിയമനം നടത്തിയ ഉത്തരവിന്റെ പകർപ്പ് എന്നിവ ഇനം തിരിച്ച് ലഭ്യമാകുമോ;

(ഡി) സർക്കാർ പണം മുടക്കി സൊസൈറ്റിക്ക് വാങ്ങി നൽകിയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾക്ക് പൊതുജനങ്ങളിൽ നിന്ന് പണം ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) 2021-22 സാമ്പത്തിക വർഷത്തിൽ സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

**കണ്ണൂർ ജില്ലാ ആശുപത്രി പുതിയ തസ്തിക**

2297 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടം പണി പൂർത്തീകരിക്കുകയും രോഗികളെ പ്രവേശിപ്പിക്കുകയും ചെയ്തെങ്കിലും സ്റ്റാഫിന്റെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലാ ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കോന്നി മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ</u>**

2298 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും കൂടൽ , മലയാലപ്പുഴ, എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; നടപടികൾ വിശദമാക്കാമോ;

(ബി) കോന്നി താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം</u>**

2299 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്നതിനായുള്ള നടപടികളിൽ വലിയ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

**<u>തിരൂർ ജില്ലാ ആശുപത്രി ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം</u>**

2300 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി

2301 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലം നിലവിൽ ഏത് വകുപ്പിന്റെ കൈവശമാണുള്ളത്;

(ബി) പ്രസ്തുത സ്ഥലം ആരോഗ്യവകുപ്പിന് വകുപ്പ്കൈമാറ്റ വ്യവസ്ഥ പ്രകാരം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള അപേക്ഷയുടെ നിജസ്ഥിതി വിശദമാക്കാമോ?

## ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് സ്പെഷ്യലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി

2302 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേകമായി രൂപപ്പെടുത്തി പ്രവർത്തനം ആരംഭിച്ച ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി നിലവിൽ മുന്നോട്ട് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ പാവപ്പെട്ട രോഗികൾക്ക് ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്കായി അന്യസംസ്ഥാനത്തേയും ജില്ലകളെയും ആശ്രയിക്കേണ്ടി വരുന്നതിനാൽ അവർക്ക് സഹായകമാകും വിധം ഈ ആശുപത്രിയെ ഒരു സ്പെഷ്യലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മേൽ സ്ഥാപനം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവന്ന് സ്പെഷ്യലിറ്റി ആശുപത്രിക്കായുള്ള ഭൗതികസാഹചര്യം ഉണ്ടാക്കാൻ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ, എം.എൽ.എ. മാർ, എം.പി, സ്വകാര്യ സംഭാവനകൾ എന്നിവ മുഖേന ഫണ്ട് സ്വരൂപിച്ച് തുടർനടപടി സ്വീകരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ?

## ഡയാലിസിസ് സംവിധാനം ഉള്ള സർക്കാർ ആശുപത്രികൾ

2303 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ മേഖലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനം നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) കൂടുതൽ ആശുപത്രികളിലേക്ക് ഡയാലിസിസ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിലെ ഏതെങ്കിലും ആശുപത്രികളിൽ പുതുതായി ഡയാലിസിസ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുട്ടനാട്ടിലെ പ്രാഥമിക - കുടുംബാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടി

2304 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ കുട്ടനാട്ടിലെ പ്രാഥമിക - കുടുബാരോഗ്യ കേന്ദ്രങ്ങൾ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ ;

(ബി) കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിനു മരുന്നും ജീവനക്കാരും ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പുളിയം പറമ്പ് സബ്സെന്റർ ആരംഭിക്കാൻ നടപടി

2305 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾക്ക് കീഴിൽ പുതുതായി സബ്സെന്റർ ആരംഭിക്കുന്നതിനായി സ്ഥാപനമേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിൽ പുളിയം പറമ്പ് സബ്സെന്റർ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## വെള്ളരിക്കുണ്ട് -പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

2306 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് -പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം

2307 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ/ ഡിസ്പെൻസറികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും, അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി/ ഡിസ്പെൻസറി തിരിച്ച് അറിയിക്കാമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരേയും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഓർത്തോ ഡോക്ടറുടെ സേവനം ഉറപ്പുവരുത്താൻ നടപടി

2308 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഓർത്തോ വിഭാഗം ഡോക്ടർ കഴിഞ്ഞ 5 മാസത്തിലധികമായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകരം ആളെ നിയമിക്കാത്ത സാഹചര്യത്തിൽ ഓർത്തോ വിഭാഗത്തിൽ എത്തുന്ന രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോതമംഗലം താലൂക്ക് ആശുപത്രിയിൽ എല്ലാ ദിവസവും ഓർത്തോ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

2309 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇ-ഹെൽത്ത് പദ്ധതി

2310 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ആശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

2311 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടിൽ നിന്ന് നീക്കിവെച്ച തുക വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## മുല്ലശ്ശേരി സി.എച്ച്.സി.ക്ക് അനുവദിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

2312 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച് .സി.-ക്ക് അനുവദിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിച്ചുവെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ;

(സി) ഐസൊലേഷൻ വാർഡിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകും എന്നും അവിടെ പുതിയതായി ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം

2313 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂഞ്ഞാർ മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി തിരിച്ച് അറിയിക്കുമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരേയും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലായി പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2314 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) നിലവിൽ അതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ

ലഭ്യമാക്കാമോ?

## കുറ്റ്യാടി താലൂക്ക് ആശുപത്രി

2315 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ടി പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

## കണ്ണൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2316 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളുണ്ടെന്നും അവയിൽ എത്ര കേന്ദ്രങ്ങളിൽ ലാബ് പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണെന്ന് അറിയിക്കാമോ;

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ജോലി സമയം വ്യക്തമാക്കാമോ?

## അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് നബാർഡ് വഴി തുക

2317 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് നബാർഡ് വഴി തുക ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി

2318 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) പുതിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത നിർമ്മാണത്തിനായുള്ള തുക എത്രയാണെന്ന്

അറിയിക്കാമോ;

(ഡി) നിർമ്മാണം പൂർത്തീകരിക്കുവാനുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**കടുത്തുരുത്തി മണ്ഡലത്തിൽ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

2319 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തരംതിരിച്ച് വർക്കുകളുടെ പ്രോഗ്രസ് സംബന്ധിച്ചുള്ള വിവരം ലഭ്യാമാക്കുമോ?

**കുന്നമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

2320 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുന്നമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം എതു ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; കെട്ടിടത്തിന്റെ വൈദ്യുതീകരണം ഈ കരാറിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ ആണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

**ആർ.സി.സി.യിൽ കുടുംബശ്രീ വഴി നിയമനം**

2321 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കുടുംബശ്രീ വഴി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ആണ് നിയമനം നടത്തിയതെന്നും ഇതിനായി പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ പി.എച്ച്.സി. കളിലെ പുതിയ നിയമനങ്ങൾ**

2322 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലൂടെ ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി. കളാണ് എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രസ്തുത ആശുപത്രികളിൽ എത്ര പുതിയ നിയമനങ്ങളാണ് നടന്നിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പ്രസവ ചികിൽസ ആരംഭിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

**<u>വിതുര താലൂക്ക് ആശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) നടത്തിയ അന്വേഷണം</u>**

2323 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര താലൂക്ക് ആശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം വീഴ്ചകൾ കണ്ടെത്തി എന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>പാറശാല മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനം</u>**

2324 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി തിരിച്ച് അറിയിക്കുമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരേയും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**<u>തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്</u>**

2325 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്താൻ നടപടി**

2326 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി, പിണ്ടിമന എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവൃത്തി യുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ലഭ്യമാകുന്നത് ; വിവരം നൽകുമോ ;

(ഡി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**ഭക്ഷ്യ വിതരണത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഹോട്ടലുകൾ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുന്നതിന് നടപടി**

2327 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യ സുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിൽ ഗുരുതരമായ കുറ്റങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം ഹോട്ടലുകളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പിഴയിനത്തിൽ ലഭിച്ചത്;

(സി) ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ വീണ്ടും തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോട്ടലുകൾക്കാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ളത്;

(ഡി) ഭക്ഷ്യ വിതരണത്തിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരം ഹോട്ടലുകളുടെ ലൈസെൻസികളെ ബ്ളാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് നല്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ തസ്തികകളും വിന്യാസവും**

2328 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ തസ്തികകൾ ഏതൊക്കെയെന്നും അവയുടെ എണ്ണവും വിന്യാസവും വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് നിശ്ചയിക്കപ്പെട്ട ചുമതലകൾ വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെയും ലബോറട്ടറികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷ ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി

2329 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷ ചെക്ക് പോസ്റ്റ്, കെട്ടിടം ഉൾപ്പെടെയുള്ളവ സജ്ജീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചെക്ക് പോസ്റ്റിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ലാബ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നത് അടിയന്തരമായി പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(സി) ശബരിമല മണ്ഡലകാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വരവ് കൂടുതലായ സാഹചര്യത്തിൽ താൽക്കാലിക ലാബ് സൗകര്യമെങ്കിലും ഏർപ്പെടുത്തി പ്രസ്തുത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി

2330 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നിലവിൽ എത്ര രോഗികൾക്കാണ് സേവനം ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ?

## പകർച്ച വ്യാധികൾ നിർമ്മാർജനം ചെയ്യാൻ തീവ്ര കർമ്മപരിപാടി

2331 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞതകൊണ്ടും തെറ്റായ പ്രചാരണങ്ങളിൽ വശംവദരായും വാക്സിൻ നൽകുന്നതിൽ ചിലരുടെ വിമുഖതയാണ് അഞ്ചാംപനിക്ക് കാരണമെന്നതിനാൽ വാക്സിൻ വിമുഖതയകറ്റുന്നതിന് വിപുലമായ പ്രചാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പകർച്ച വ്യാധികൾ നിർമ്മാർജനം ചെയ്യാൻ തീവ്ര കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) രോഗ നിർമ്മാർജനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ആർദ്രം-2 പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## ജീവിതശൈലീ രോഗങ്ങൾ

2332 **ശ്രീ വി ജോയി**
**ശ്രീമതി ദെലീമ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ ഉള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജീവിതശൈലീ രോഗ സർവെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജീവിതശൈലീ രോഗങ്ങൾ ഉള്ളവരിൽ സാധാരണയായി ഉണ്ടായേക്കാവുന്ന വൃക്ക രോഗ ചികിത്സക്കായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

## അഞ്ചാം പനി പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ

2333 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അഞ്ചാം പനി റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ അഞ്ചാം പനി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അഞ്ചാം പനി പ്രതിരോധ വാക്സിന്റെ ലഭ്യത എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ചികിത്സാപ്പിഴവ്

2334 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവ് ഉണ്ടാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഫുട്ബോൾ കളിക്കുമ്പോൾ കൈകുത്തി വീണ് പരിക്കേറ്റതിനെ തുടർന്ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിയ വിദ്യാർത്ഥിക്ക് ചികിത്സാപ്പിഴവിനെത്തുടർന്ന് കൈ മുറിച്ചുമാറ്റേണ്ടി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ എക്സ്റേ പരിശോധനയ്ക്ക് സൗകര്യമുണ്ടായിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ഇ) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എക്സ്റേ പോലുള്ള സൗകര്യങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ക്യാൻസർ രോഗികൾക്കായുള്ള സഹായ പദ്ധതികൾ

2335 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാൻസർ രോഗികൾക്കായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

## സംസ്ഥാനത്തെ വൃക്ക രോഗികളുടെ എണ്ണത്തിലെ വർദ്ധനവ്

2336 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൃക്ക രോഗികളുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി വർദ്ധിച്ച വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൃക്കാരോഗം വ്യാപകമായി വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ ശാസ്ത്രീയമായ പഠനം നടത്തി കണ്ടു പിടിച്ചിട്ടുണ്ടോ;

(ബി) നിലവിൽ വൃക്ക രോഗചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ ലഭ്യമായ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രാദേശിക ചികിത്സാ കേന്ദ്രങ്ങൾ മുതൽ വൃക്കരോഗ ചികിത്സാ സംവിധാനങ്ങളും , ഡയാലിസിസ് കേന്ദ്രങ്ങളും ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) വൃക്കരോഗം ബാധിക്കുന്നത് തടയാനും മുൻകൂട്ടി അറിയാനും പ്രതിരോധ പ്രവർത്തനങ്ങളും പരിശോധനാ സംവിധാനങ്ങളും കൂടുതൽ നടപ്പാക്കുന്നത് പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളും മറ്റു അനുബന്ധ രേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി

2337 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 നവംബറിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ താഴത്തെ നിലയിൽ സൂക്ഷിച്ചിരുന്ന ഏതാനും അലമാരകളിൽ നിന്നും ഫയലുകളും മറ്റു അനുബന്ധ രേഖകളും നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടപെട്ട ഫയലുകളുടെ കണക്കുകൾ ലഭ്യമാണോ;

(സി) നഷ്ടപ്പെട്ട ഫയലുകളുടെ പകർപ്പ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) കോവിഡ് കാല പർച്ചെയ്സ്കളുമായി ബന്ധപ്പെട്ട ഫയലുകളാണോ നഷപെട്ടതു എന്ന് വ്യക്തമാക്കാമോ;

(ഇ) നഷ്ടപ്പെട്ട ഫയലുകൾ സംബന്ധിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### <u>മാനന്തവാടി മെഡിക്കൽ കോളേജിലെ പോസ്റ്റ്മോർട്ടം</u>

2338 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മെഡിക്കൽ കോളേജിൽ 2022 ജനുവരി 1 മുതൽ 2022 നവംബർ 30 വരെ ആകെ എത്ര പോസ്റ്റ്മോർട്ടങ്ങൾ നടന്നു ;കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ ആത്മഹത്യ ചെയ്ത എത്ര കേസുകൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പോസ്റ്റ്മോർട്ടത്തിനായി എത്ര മൃതദേഹങ്ങൾ റഫർ ചെയ്തു എന്ന് വ്യക്തമാക്കാമോ?

### <u>മെഡിക്കൽ കോളേജുകളിൽ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നത്</u>

2339 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐ.സി.യു.വിന് പുറത്തും വാർഡിനുള്ളിലും രോഗികൾക്ക് കൂട്ടിരിക്കുന്നവരുടെ എണ്ണം ഒന്നായി നിജപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായോ;

(ബി) റഫറൽ ആശുപത്രി എന്ന നിലയിൽ മറ്റ് ആശുപത്രികളിൽ ചികിത്സ നേടിയ ശേഷം ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജുകളിൽ എത്തുന്ന രോഗികൾക്കായി മരുന്നുകൾ വാങ്ങുന്നതിനും മാറാനുള്ള വസ്ത്രം, ഡയപ്പറുകൾ, ആഹാരം, മറ്റു ജീവൻ രക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുമായി ഒരു ദിവസം തന്നെ പലതവണ കൂട്ടിരിപ്പുകാർക്ക് ആശുപത്രിക്ക് പുറത്തു പോകേണ്ടിവരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ;

(സി) വാർദ്ധക്യാവസ്ഥയിലുള്ളവരോ വികലാംഗരോ അവശതകൾ അനുഭവിക്കുന്നവരോ സ്ത്രീകൾ മാത്രം കൂട്ടിരിപ്പുകാരായി ഇരിക്കേണ്ടി വരുന്നവരോ ആയിട്ടുള്ളവർക്ക്

ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ പലതവണ ആശുപത്രിക്ക് പുറത്തുപോയി വരേണ്ടി വരുന്നത് കടുത്ത ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന എന്നത് സർക്കാർ പരിഗണിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ കാര്യത്തിലെങ്കിലും മരുന്നുകളും ആശുപത്രി വസ്തുങ്ങളും ഡയപ്പറുകളും മറ്റു മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെടെ അവശ്യവസ്തുക്കൾ ആശുപത്രികളിൽ തന്നെ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

**ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തിക**

2340 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**താൽക്കാലിക നിയമനങ്ങൾ**

2341 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും വനിതാ ശിശു വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ പ്രമോഷൻ**

2342 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 2019-ൽ പ്രമോഷനായ ഹെൽത്ത് ഇൻപക്ടർ ഗ്രേഡ്-2 തസ്തികയിൽ ജോലിചെയ്യുന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് പ്രമോഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രെബോഷൻ ഡിക്ലയർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

**ആർദ്രം പദ്ധതി**

2343 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പി.എച്ച്.സി.കൾ എഫ്.എച്ച്.സി.കളായി ഉയർത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പി.എച്ച്.സി.കൾ എഫ്.എച്ച്.സി.കളായി മാറിയപ്പോൾ എത്ര ഫാർമസിസ്റ്റ് തസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ജില്ലാ തിരിച്ച് വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതി പ്രകാരം ഒരു എഫ്.എച്ച്.സി.യിൽ കുറഞ്ഞത് എത്ര ഫാർമസിസ്റ്റ് തസ്തികകൾ വേണമെന്നതാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും പ്രസ്തുത വ്യവസ്ഥ ഇപ്പോൾ പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ല ആശുപത്രിയിലും പ്രതിദിനം എത്രപേർ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്; ഈ ആശുപത്രികളിൽ സ്ഥിരം ഫാർമസിസ്റ്റുകൾ എത്രയുണ്ട്; വ്യക്തമാക്കാമോ;

(ഇ) ജില്ലയിലെ ബദിയടുക്ക സി.എച്ച്.സി., മധൂർ, ദേലംപാടി, കുമ്പടാജ, ചെങ്കള എഫ്.എച്ച്.സി. കളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; എത്ര തസ്തികകൾ വേണമെന്നതാണ് വ്യവസ്ഥ എന്ന് വിശദമാക്കാമോ;

(എഫ്) ആർദ്രം പദ്ധതിയിൽ പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ താൽക്കാലിക ഫാർമസിസ്റ്റ് ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മട്ടന്നൂർ സ്പെഷാലിറ്റി ആശുപത്രിയിൽ പുതിയ തസ്തികകൾ

2344 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമാക്കുന്നതിന് എത്ര തസ്തികകൾ ആവശ്യമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പേര് പുനർനാമകരണം ചെയ്യുന്ന നടപടി

2345 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പേര് ഡെന്റൽ ഹൈജീൻ ആഫീസർ എന്നാക്കി പുനർനാമകരണം നടത്തണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ഗ്രേഡ് പ്രമോഷൻ അല്ലാതെ മറ്റ് പ്രമോഷനുകളൊന്നും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കാമോ;

(സി) ഡെന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ ജനോപകാരപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഡെപ്യൂട്ടി മാനേജർ തസ്തിക</u>**

2346 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് സംഭരണ/ വിതരണ വിഭാഗത്തിലെ ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിക്കുന്നതിന് വേണ്ട അടിസ്ഥാന യോഗ്യത എന്താണ്;

(ബി) നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതയുള്ള എത്ര ജീവനക്കാർ ഉണ്ടെന്ന് സീനിയോറിറ്റി അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) യോഗ്യതയുള്ള സീനിയേഴ്സ് ഉണ്ടായിരുന്നിട്ടും നിർദ്ദിഷ്ട യോഗ്യത ഇല്ലാത്ത അസിസ്റ്റന്റ് മാനേജർ ശ്രീമതി. കവിതയ്ക്ക് ഡപ്യൂട്ടി മാനേജറായി സ്ഥാനകയറ്റം നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥാനകയറ്റം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) സീനിയോറിറ്റി മറികടന്ന് നിശ്ചിത യോഗ്യത ഇല്ലാത്ത വ്യക്തിക്ക് നൽകിയ സ്ഥാനകയറ്റം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കേരളത്തിലെ സർക്കാർ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, കോളേജുകളിലെ അദ്ധ്യാപക നിയമനം</u>**

2347 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി കോളേജുകളിൽ 01.11.2022 തിയതിയിൽ സർവീസിലുള്ള ഓരോ കേഡറിലെയും സ്ഥിരം അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ അനുവദിച്ച തസ്തികകൾ, നികത്തിയ തസ്തികകൾ, നികത്താനുള്ള തസ്തികകൾ തുടങ്ങിയവയുടെ വിവരം നൽകാമോ;

(ബി) നികത്തിയ തസ്തികയിൽ ജനറൽ കാറ്റഗറിയിൽ നിന്ന് നികത്തിയതിന്റെയും ഓരോ സംവരണ വിഭാഗത്തിൽ നിന്ന് നികത്തിയതിന്റെയും ഇനി നികത്താൻ ബാക്ക് ലോഗായി നിൽക്കുന്നവയുടെയും എണ്ണം എത്രയാണ്; വിശദാംശം നൽകുമോ?

**<u>ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യം</u>**

2348 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളജിലെ ന്യൂറോ സർജറി വിഭാഗത്തിലെ

റസിഡന്റ് വനിത ഡോക്ടറെ രോഗിയുടെ ഭർത്താവ് മർദ്ദിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സമാനമായ സംഭവങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ

2349 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഗുരുതര രോഗികളുടെ കണക്ക് ലഭ്യമാക്കുമോ; ശസ്ത്രക്രിയയ്ക്കും ചികിൽസയ്ക്കും സർക്കാർ ആശുപത്രികളിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്ന ശസ്ത്രക്രിയ ആവശ്യമുള്ള നിർധനരായ ആളുകൾക്ക് പൂർണ്ണമായും സൗജന്യമായി ചികിൽസ ലഭ്യമാക്കാൻ പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുമോ;

(സി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള രോഗികളായ ആഞ്ജന, ആർദ്ര, (കരിയിൽ കിഴക്കേതിൽ, കുട്ടമ്പേരൂർ, മാന്നാർ) എന്നിവരുടെ മാതാവ് സമർപ്പിച്ച നിവേദനത്തിന്മേൽ (ഇ/6285438/22/എം (എച്ച്.ജി.ഡബ്ല്യു.സി.ഡി.) എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സഹായം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ശസ്ത്രക്രിയയിൽ ഉണ്ടായ വീഴ്ച

2350 **ഡോ. എം.കെ . മുനീർ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 നവംബർ 30-ന് നടത്തിയ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കുടുങ്ങിയ കത്രികയുമായി യുവതി അഞ്ച് വർഷം ജീവിക്കേണ്ടി വന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ (കാസ്പ്) അംഗത്വം

2351 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗമാവാൻ സാധിക്കാതെ

പോയവർക്ക് ചികിത്സയ്ക്ക് ഇളവ് ലഭിക്കാൻ മറ്റേതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## ക്യാൻസർ രോഗം മുൻകൂർ നിർണ്ണയിക്കുന്നത് സംബന്ധിച്ച്

2352 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗ മുൻകൂർ നിർണ്ണയത്തിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ സംവിധാനങ്ങൾ ഏതെല്ലാം എന്ന് വിശദീമാക്കാമോ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും ഏർലി കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പേവിഷബാധയ്ക്കെതിരയുള്ള കുത്തിവെയ്പ്

2353 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കെതിരെയുള്ള ആന്റി റാബീസ് കുത്തിവെയ്പിനുള്ള മരുന്നിന്റെ സ്റ്റോക്കില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ആന്റി റാബീസ് ക്ലിനിക്കുകൾ സംസ്ഥാനത്തെ ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിലാണുള്ളത്; വിശദമാക്കുമോ?

## സ്വകാര്യ ആശുപത്രികൾ അമിത നിരക്ക് ഈടാക്കുന്നതായി പരാതി

2354 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും 2018-ൽ സർക്കാർ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളുടെയും മറ്റ് ക്ലിനിക്കൽ സ്ഥാ പനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികൾ ഓരോ ചികിൽസയുടെയും നിരക്ക് പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ നിയമത്തിലെ എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വെളിപ്പെടുത്തുമോ;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി

പ്രവർത്തിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് ഏതെങ്കിലും ആശുപത്രികൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; ആയതിൻ പ്രകാരം അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചാൽ എവിടെയാണ് പരാതിപ്പെടേണ്ടത് എന്നും അറിയിക്കുമോ?

**ആഗ്രത അവോൺ എക്സിം -ൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി**

2355 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തിനായി ഫയൽ അയച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടിക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ: എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഗ്ലൗസ് വാങ്ങാനുള്ള കരാർ റദ്ദാക്കിയ സാഹചര്യത്തിൽ അവർ ലഭ്യമാക്കിയ ഗ്ലൗസ്- ന്റെ വിലയേക്കാൾ കൂടിയ തുക കെ.എം.എസ്.സി.എൽ. ഈ സ്ഥാപനത്തിനു നൽകിയിട്ടുണ്ടോ;

(എഫ്) കെ.എം.എസ്.സി.എൽ. അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

**അവയവദാനം സുതാര്യമാക്കൽ**

2356 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും നേരായ വഴിയിലുള്ള അവയവദാനങ്ങളിലൊന്നു പോലും സാങ്കേതിക കാരണങ്ങളാൽ വൈകാതിരിക്കുവാനും പ്രസ്തുത മേഖലയിലെ പരാതികൾ പരിഹരിച്ച് അവയവദാനം സുതാര്യമാക്കുവാനുമായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അവയവം സ്വീകരിക്കാനായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഇതിനുവേണ്ടിയുള്ള നടപടി

ക്രമങ്ങൾ വിശദീകരിക്കാമോ; അപേക്ഷ സമർപ്പിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാം; സ്വകാര്യ ആശുപത്രികളിൽ ചികിൽസിച്ചാൽ പ്രസ്തുത ധനസഹായം ലഭിക്കുമോ;

(ഡി) അവയവമാറ്റം നടത്തുന്നതിന് അനുവാദം നൽകുന്ന കമ്മിറ്റികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ആയത് എത്രയും വേഗത്തിൽ കൂട്ടുന്നതിനും പാവപ്പെട്ട രോഗികളുടെ ജീവൻ രക്ഷപ്പെടുത്തുന്നതിനായി ഇത്തരം കമ്മിറ്റികൾ മാസത്തിൽ ഒന്നിൽകൂടുതൽ തവണ വിളിച്ച് ചേർക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ്</u>

2357 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാനുണ്ടായ കാരണം വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ:;

(സി) കെ.എം.എസ്.സി.എൽ.നാളിതുവരെ ടെന്നീസ് ക്ലബ്ബിന് എത്ര രൂപ നൽകി എന്ന വിവരം നൽകാമോ;

(ഡി) ഒരു സർക്കാർ കമ്പനി സ്വകാര്യ ക്ലബ് മെമ്പർഷിപ്പ് എടുത്തത് നിയമനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ അറിയിക്കാമോ ;

(ഇ) ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാൻ തീരുമാനിച്ച മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

## <u>എം.ബി.ബി.എസ്. പഠനം കഴിഞ്ഞവർക്ക് എഫ്.എം.ജി. ടെസ്റ്റ്</u>

2358 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ നിന്നും എം.ബി.ബി.എസ്. പഠനം കഴിഞ്ഞ് വരുന്നവരിൽ എഫ്.എം.ജി. ഇ . പാസ്സായവർക്ക് എൻ.എം.സി.യുടെ നിയമപ്രകാരം ഇന്ത്യയിൽ ഒരു വർഷത്തെ ഹൗസ് സർജൻസി ചെയ്യേണ്ടതില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് കേരളത്തിൽ ഒരു വർഷത്തെ ഹൗസ് സർജൻസി നിർബന്ധമാക്കിയിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കാമോ;

(സി) എഫ്.എം.ജി. ടെസ്റ്റ് പാസ്സായവർക്ക് ഒരു വർഷത്തെ ഹൗസ് സർജൻസി കഴിയാതെ ജോലിയിൽ പ്രവേശിക്കാൻ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ എഫ്.എം.ജി. ടെസ്റ്റ് പാസായവർക്ക് സർക്കാർ സർവീസിൽ നിയമനത്തിനുള്ള കേരള പി.എസ്.സി. പരീക്ഷ എഴുതുന്നതിന് അവസരം നൽകാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

## <u>അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് കാമ്പയിൻ</u>

2359 **ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹരോഗത്തിന്റെ സങ്കീർണതകളായ ഡയബറ്റിക്ക് റെറ്റിനോപ്പതി, ഡയബറ്റിക്ക് നെഫ്രോപ്പതി, പെരിഫറൽ ന്യൂറോപ്പതി തുടങ്ങിയ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുക; വിശദമാക്കാമോ;

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, ഐ.സി.എം.ആർ.- മായി ചേർന്ന് സംസ്ഥാനത്തെ പ്രമേഹ വ്യാപനത്തെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് എന്ന കാമ്പയിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ എന്തെല്ലാം വിവരങ്ങളാണ് കണ്ടെത്തിയത്; വിശദാംശം നൽകാമോ?

## <u>കെ.എം.എസ്.സി.എൽ.- പി.പി.ഇ. കിറ്റുകൾ</u>

2360 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ., പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) പ്രസ്തുത പർച്ചെയ്സ് സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയൽ ലഭ്യമാക്കാമോ: ;

(സി) അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനം കെ.എം.എസ്സി.എല്ലി.ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പർച്ചെയ്സ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ആൻഡ്രിയ ട്രെഡേഴ്സിൽ നിന്നും കെ.എം.എസ്.സി.എൽ. നടത്തിയ വാങ്ങൽ</u>

2361 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൻഡ്രിയ ട്രെഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. എന്തൊക്കെ സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പർച്ചേസുകൾ സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ആൻഡ്രിയ ട്രെഡേഴ്സ് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ. ന് അയച്ച ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കെ.എം.എസ്.സി.എൽ. പർച്ചേസ് ഓർഡർ

2362 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.ഒ.ആർ. 1141 എന്ന പർച്ചേസ് ഓർഡർ പ്രകാരം എന്തൊക്കെ സാമഗ്രികളാണ് കെ.എം.എസ്.സി.എൽ. വാങ്ങിയത് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരം വാങ്ങിയ സാമഗ്രികളുടെ ബിൽ ലഭ്യമാക്കാമോ;

(സി) ബിൽ തീയതി പർചെയ്സ് ഓർഡറിന് മുൻപേ ആകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) പി.ആർ.ഒ.ആർ. 10537 പ്രകാരം ഓർഡർ ചെയ്ത 50000 പി.പി.ഇ. കിറ്റുകളിൽ 35000 ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ ബാക്കി 15000 പി.പി.ഇ. കിറ്റുകൾ കെ.എം .എസ്.സി.എൽ. ലഭ്യമാക്കിയിട്ടുണ്ടോ: എങ്കിൽ ഇത് സംബന്ധിച്ച ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ:;

(ഇ) പി.ആർ.ഒ.ആർ. 10537 പ്രകാരം 15000 കിറ്റുകൾ വാങ്ങാമെന്നിരിക്കെ പി.ആർ.ഒ.ആർ. 1141 പുതിയ പർച്ചയ്സ് ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ?

## N95 മാസ്ക്

2363 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമല പൂനെ(VIMLA Pune) എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി. എൽ. N-95 മാസ്ക് വാങ്ങിയിട്ടുണ്ടോ;

(ബി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയൽ ലഭ്യമാക്കാമോ;

(സി) വിമല പൂനെ എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ -ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. യുടെ ഇമെയിൽ

2364 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ -ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.എന്ന സ്ഥാപനത്തിന് കെ. എം.എസ്.സി.എൽ അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഇ -മെയിലുകൾ പ്രകാരം നടത്തിയ പർച്ചെയ്സ് സംബന്ധിച്ച ബില്ലുകളുടെ

പകർപ്പ് ലഭ്യമാക്കാമോ?

**<u>കെ.എം.എസ്.സി.എൽ.-നെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ്</u>**

2365 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ഏക സ്ഥാപനമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മരണനിരക്ക് കൂടുതലുള്ള നിപ പോലുള്ള രോഗത്തെ പ്രതിരോധിക്കാൻ പി.പി.ഇ. കിറ്റ് നിർമ്മിച്ച് നൽകിയ കമ്പനിയായ കേറോൺ, ന്യൂ കെയർ ഹൈജീൻ പ്രോഡക്റ്റ്, ബയോമെഡിക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും അഞ്ഞൂറ് രൂപയിൽ താഴെ പി.പി.ഇ. കിറ്റ് വാങ്ങാൻ ഓർഡർ നൽകിയ ദിവസം തന്നെ 1550/- രൂപ നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ;

(സി) പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവ് മൂലം ആയത് നൽകാൻ സാധിക്കില്ലെന്ന് കെറോൺ, ന്യൂ കെയർ ഹൈജീൻ പ്രോഡക്റ്റ്, ബയോമെഡിക്സ് എന്നീ കമ്പനികൾ സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സാൻ ഫാർമ എന്ന സ്ഥാപനത്തിന് നൽകിയ പർച്ചേസ് ഓർഡറിൽ എത്ര ദിവസത്തിനകം പി.പി.ഇ.കിറ്റ് നൽകണമെന്നാണ് രേഖപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

**<u>എൻ .എച് .എം. ൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ</u>**

2366 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ .എച് .എം. ന കീഴിൽ വരുന്ന ജീവനക്കാർക്ക് എത്രനാൾ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ച് വർഷത്തിൽ അധികം ഒരു സ്ഥാപനത്തിൽ ജോലി ചെയ്ത ജീവനക്കാർക്ക് പ്രസ്തുത സ്ഥാപനത്തിൽ തുടർന്നും നിയമനം നൽകിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് വർഷത്തിൽ അധികം ഒരു സ്ഥാപനത്തിൽ തന്നെ ജോലി ചെയ്തതും തുടർന്നും ജോലി ചെയ്തു വരുന്നതുമായ ജീവനക്കാർ ആരൊക്കെയാണ്, അവർ ജോലി നോക്കി വരുന്ന ആശുപത്രികൾ ഏതൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) എന്തടിസ്ഥാനത്തിലാണ് തുടർന്നും അവരെ അവിടെതന്നെ

നിയമിച്ചിരിക്കുന്നതെന്ന് വ്യകതമാക്കാമോ; ഇവരെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>അവയവം മാറ്റിവെച്ചവർക്കും കാൻസർ രോഗികൾക്കും ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടി</u>**

2367 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം മാറ്റിവെച്ചവർക്കും കാൻസർ രോഗികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങി നൽകുമ്പോൾ സർക്കാരിന്റെ നിലവിലെ മാർഗരേഖ പ്രകാരം ബ്രാൻഡഡ് മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം പുന:പരിശോധിക്കുവാനും കോവിഡ് സാഹചര്യത്തിൽ ചെയ്തിരുന്നതുപോലെ അവയവം മാറ്റിവെച്ച രോഗികൾക്ക് ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിലെയും സബ്സിഡി മാനദണ്ഡങ്ങളിൽ പറയുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിലെയും പൊരുത്തക്കേടുകൾ കാരണം മരുന്നുകൾ ലഭ്യമാക്കുവാനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുമോ; വ്യക്തമാക്കാമോ ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംഗൻ വാടികൾ</u>**

2368 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത എത്ര അംഗൻ വാടികൾ ഉണ്ടെന്ന കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം</u>**

2369 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**<u>മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അനസ്തേഷ്യ ഡോക്ടർമാർ</u>**

2370 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ ഡിപ്പാർട്ട്മെന്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തികകളും ഇപ്പോൾ ഓരോ ആശുപത്രിയിലും ജോലി ചെയ്യുന്നവരുടെ എണ്ണവും ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേജർ ശസ്ത്രക്രിയകൾക്കെല്ലാം തന്നെ അനസ്തേഷ്യ ഡോക്ടർമാരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണെന്നിരിക്കേ വിവിധ മെഡിക്കൽ കോളേജാശുപത്രികളിൽ ഈ വിഭാഗത്തിലെ ഡോക്ടർമാരുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രികളിലെ അനസ്തേഷ്യാ വിഭാഗത്തിലെ തസ്തിക മറ്റേതെങ്കിലും മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിവിധ മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യാ ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാരുടെ എണ്ണത്തിലുണ്ടായ ഈ വ്യത്യാസം കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അനസ്തേഷ്യാ വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണുള്ളത്;

(എഫ്) ട്രോമാകെയർ, സൂപ്പർ സ്പെഷ്യാലിറ്റി, സർജറി എന്നീ വിഭാഗങ്ങളിലെ അടിയന്തര ശസ്ത്രക്രിയകൾക്ക് പലപ്പോഴും അനസ്തേഷ്യ ഡോക്ടർമാരുടെ അഭാവം മൂലം മറ്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലേക്ക് രോഗികളെ പറഞ്ഞയയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ അനസ്തേഷ്യാ വിഭാഗത്തിൽ കൂടുതൽ തസ്തിക അനുവദിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്

2371 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദപഠനം പൂർത്തിയാക്കിയവർക്ക് കേരളത്തിൽ ചികിത്സ തുടങ്ങുന്നതിന് എത്ര വർഷത്തെ പരിശീലനമാണ് നിർബന്ധമാക്കിയിട്ടുള്ളത്;

(ബി) വിദേശത്ത് പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് താൽകാലിക രജിസ്ട്രേഷൻ നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദേശ പ്രകാരം വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കേളേജുകളിലേക്ക് പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## എം.ബി.ബി.എസ്സ്-സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കാൻ സർക്കാർ നടപടി

2372 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ വിവിധ ക്വാട്ടകളിൽ എൻ.ആർ.ഐ. ഉൾപ്പെടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവന്നാൽ അഞ്ചര വർഷത്തേയ്ക്കുള്ള മുഴുവൻ ഫീസും ഒരുമിച്ച്

ഈടാക്കിയതിനുശേഷമേ കുട്ടിയെ വിടുതൽ ചെയ്യുകയുള്ളൂ എന്നുള്ള നിയമം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എം.ബി.ബി.എസ്. കോഴ്സ് ഇടയ്ക്കു വച്ച് നിർത്തിയാൽ ഒരു നിശ്ചിത സംഖ്യ എല്ലാ ക്വാട്ടയിലും സർക്കാർ മെഡിക്കൽ കോളേജ് പോലെ ലിക്വിഡേറ്റഡ് ഡാമേജസ് ആയി ഈടാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**എം.ബി.ബി.എസ്.അഡ്മിഷൻ ഫീസ് നിരക്ക്**

2373 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. അഡ്മിഷന് ഇപ്പോൾ നിലനിൽക്കുന്ന ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനപ്രകാരം അൻപത് ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം**

2374 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള സ്പെഷ്യാലിറ്റിക്ക് പുറമെ മറ്റ് ഡിപ്പാർട്ട്മെന്റുകൾ കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുന്നതോടൊപ്പം, ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് പ്രയോഗിക പരിശീലനം**

2375 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എഡ്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദന്തൽ സയൻസസിലെ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് മലപ്പുറം താലൂക്ക് ആശുപത്രിയിൽ 2022 ഫെബ്രുവരി മുതൽ പ്രയോഗിക പരിശീലനം അനുവദിക്കുന്നതിനുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ

റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രയോഗിക പരിശീലനത്തിനായി മലപ്പുറം താലൂക്ക് ആശുപത്രിയുമായി 2022 ഫെബ്രുവരി മുതൽ 5 വർഷക്കാലത്തേക്ക് ടൈ-അപ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലെക്ചറർ തസ്തിക</u>**

2376 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലെക്ചറർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക ഏത് തസ്തികയിലേയ്ക്കാണ് മാറ്റിയത് എന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ തസ്തിക പുനർനിർണ്ണയം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ.ശ്രീശാന്ത് കെ.എബിന്റെ അപേക്ഷ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വഴി ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണപ്രവൃത്തികൾ</u>**

2377 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവഃ നഴ്സിംഗ് കോളേജ് പി.ജി.ബ്ലോക്ക് നിർമ്മാണത്തിന് (ഫേസ് I) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ, ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ഹൗസ് സർജൻമാരുടെ ഹോസ്റ്റൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് ഓങ്കോളജി&ടെറിട്ടറി കാൻസർ സെന്ററിനു കെട്ടിട നിർമ്മാണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ; പ്രവൃത്തിക്ക് ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ടോ?

**<u>ഹോമിയോ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ</u>**

2378 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയോടനുബന്ധിച്ച് ഹോമിയോ ലാബ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് ഹോമിയോ ലാബ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

**കായംകുളം ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ**

2379 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കൽ**

2380 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ അഭാവമുണ്ടോ; വ്യക്തമാക്കാമോ;

(ബി) എല്ലാ ഗവ. ആയുർവേദ ഡിസ്‌പെൻസറികളിലും ഡോക്ടർമാരുടെ സേവനം ഉണ്ടോ; വിശദമാക്കാമോ;

(സി) ആയുർവേദ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; തസ്തിക സൃഷ്ടിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദ വിവരം അറിയിക്കാമോ?

**ആയുർവേദ ആശുപത്രികളുടെ വൈവിധ്യവത്കരണം**

2381 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യത പരിഗണിച്ച് സർക്കാർ ആയുർവേദ ആശുപത്രികളുടെ നവീകരണവും വൈവിദ്ധ്യവത്ക്കരണവും നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിലും പഞ്ചകർമ്മ ഉൾപ്പെടെ എല്ലാ ചികിത്സകളും നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

**സന്ദീപാനന്ദ ഗിരിയുടെ ആശ്രമം വെൽനെസ് സെന്റർ ആക്കാനുള്ള തീരുമാനം**

2382 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്ത് കൊണ്ടു വെൽനെസ് സെന്റർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആശ്രമം വാങ്ങിക്കാനുള്ള അനുമതിക്കായി ഔഷധി എം.ഡി. നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ; മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2.08.22, 19.07.2022 തീയതികളിലെ ഔഷധിയുടെ ബോർഡ് മീറ്റിംഗിൽ വെൽനെസ് സെന്റർ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റി സന്ദീപാനന്ദ ഗിരിയുടെ ആശ്രമം എന്നാണ് സന്ദർശിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കമ്മിറ്റി തിരുവനന്തപുരത്ത് ഏതൊക്കെ സ്ഥാപനങ്ങൾ സന്ദർശിച്ചു എന്ന വിവരം നൽകാമോ;

(എഫ്) സ്വാമി.സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്തുകൊണ്ട് വെൽനെസ് സെന്റർ തുടങ്ങാനുള്ള തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരത്തിന്റെ പകർപ്പ് നൽകാമോ?

## <u>സന്ദീപാനന്ദ ഗിരി ആശ്രമം ഏറ്റെടുക്കാൻ നടപടി</u>

2383 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്ത് വെൽനെസ് സെന്റർ തുടങ്ങുവാൻ തീരുമാനമെടുത്ത് എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഔഷധിയുടെ ഏതു മീറ്റിങ്ങിലാണ് ഈ തീരുമാനം കൈകൊണ്ടത് എന്ന് വിശദമാക്കാമോ; ഈ മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(സി) 21.10.2022-ലെ ഔഷധിയുടെ ബോർഡ് മീറ്റിംഗിന്റെ മിനിട്സ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഔഷധി വെൽനസ് സെന്റർ തുടങ്ങുന്നതിനായി ഫീസിബിലിറ്റി സ്റ്റഡി നടത്താൻ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യ പത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നല്കിയിരുന്നോ; എങ്കിൽ ഏത് പത്രത്തിലാണെന്നും പരസ്യം നൽകിയ തീയതിയും വ്യക്തമാക്കാമോ;

(എഫ്) ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്ത് അയച്ച ശേഷമാണോ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകിയത് എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(ജി) 12.08.2022, 19.07.2022 ഇതിൽ ഏതെങ്കിലും തീയതികളിൽ നടന്ന ഔഷധിയുടെ ബോർഡ് മീറ്റിംഗിൽ സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആ തീയതിയിലെ മീറ്റിംഗിന്റെ മിനിട്സ് നൽകാമോ?

## <u>ജില്ലാ മരുന്ന് സംഭരണ ശാലകൾ സംബന്ധിച്ച്</u>

2384 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള ജില്ലാ മരുന്ന് സംഭരണശാലകൾ സ്വന്തം കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമായി പ്രവർത്തിക്കുന്നവയുടെ ജില്ല തിരിച്ചുള്ള വിവരം തരം തിരിച്ച് നൽകുമോ?

**വനിതാ വികസന കോർപ്പറേഷനിലെ വിവിധ നിയമനങ്ങൾ**

2385 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബർ 1 മുതൽ 2022 നവംബർ 30 വരെ വനിതാ വികസന കോർപ്പറേഷനിൽ നടന്നിട്ടുള്ള താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ, ദിവസ വേതനക്കാർ, സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർ, സ്ഥിരം ജീവനക്കാർ എന്നിവരെ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ നിയമനം ലഭിച്ച ഓരോ ജീവനക്കാരന്റെയും പേരും തസ്തികയുടെ പേരും വിദ്യാഭ്യാസ യോഗ്യതയും ശമ്പളവും നിയമന രീതിയും മറ്റ് മാനദണ്ഡങ്ങളും അടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ; സർക്കാർ അംഗീകരിച്ച ഏത് തസ്തികയിലേക്കാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതൊക്കെയെന്ന് ലഭ്യമാക്കുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്താത്ത നിയമനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി.എൻ. വി.) ആക്ട്-നം 05.01.1988 തീയതിയിലെ 39483/ജി 2/87/എൽ.ബി.ആർ. സർക്കാർ ഉത്തരവടക്കമുള്ള മറ്റ് നിരവധി ഉത്തരവുകൾക്കും വിരുദ്ധമായി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത നിയമനങ്ങൾ നടത്തിയ മാനേജിങ് ഡയറക്ടർക്കെതിരെ ചട്ട പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ?

**അംഗൻവാടി ജീവനക്കാർക്ക് ഓ ണറേറിയം വർദ്ധനവ്**

2386 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് 2021-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓണറേറിയം വർദ്ധനവ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അംഗൻവാടി അനുവദിക്കാൻ നടപടി**

2387 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അംഗൻവാടി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു മാതൃകാ അംഗൻവാടി അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ്

2388 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) ശിശുക്ഷേമ സമിതി ഭാരവാഹികൾ സ്ഥാനമൊഴിയണമെന്ന ഹൈക്കോടതി ഉത്തരവുണ്ടായിട്ടും സമിതി ഭാരവാഹികൾ അത് പാലിക്കാതെ അനധികൃതമായി തത്സ്ഥാനങ്ങളിൽ തുടരുന്നതും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കോടതി ഉത്തരവ് നിലനിൽക്കെ ഭാരവാഹികളുടെ നേതൃത്വത്തിൽ പൊതുപരിപാടി സംഘടിപ്പിച്ചു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടും തൽസ്ഥാനത്തു തുടർന്ന സമിതി ഭാരവാഹികളെ പുറത്താക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപേഴ്സ് ക്ഷേമനിധി

2389 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപേഴ്സ് ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങൾ അംഗത്വമെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വിഹിതം എത്രയാണെന്നും അവർക്ക് ലഭിക്കുന്ന പെൻഷൻ എത്രയാണെന്നും അറിയിക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് ഈ ക്ഷേമനിധിയിൽ നിന്ന് ലഭിക്കുന്നതെന്നും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സഹായധനം എത്രയാണെന്നും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ അംഗൻവാടി

2390 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിവരം ലഭ്യമാക്കാമോ;

(ബി) മണ്ണൂരിലെ സ്മാർട്ട് അങ്കണവാടിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**അരൂർ മണ്ഡലത്തിലെ അംഗൻവാടികൾ**

2391 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ എത്രയെന്നും സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം ഇല്ലാത്തവ എത്രയെന്നും വിശദമാക്കാമോ;

(സി) അരൂർ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാണെന്ന് അറിയിക്കാമോ?

**അംഗൻവാടികളുടെ വാടക നൽകുന്നതിന് നടപടി**

2392 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ നിലവിലുണ്ട്;

(ബി) പ്രസ്തുത അംഗൻവാടികളുടെ വാടക സർക്കാർ യഥാസമയം നൽകാതെ മാസങ്ങൾക്ക് ശേഷം നൽകുന്നതിനാൽ, അതാത് മാസം കെട്ടിട ഉടമകൾക്ക് നൽകേണ്ട വാടക തുച്ഛവരുമാനക്കാരായ അങ്കണവാടി ജീവനക്കാർ നൽകേണ്ടതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**മട്ടന്നൂർ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി**

2393 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിന്റെ (എം.സി.ആർ.സി.) കെട്ടിട നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) മട്ടന്നൂർ എം.സി.ആർ.സി. പ്രവർത്തനം സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ**

2394 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ അപേക്ഷകൾ ദീർഘകാലമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആറ് മാസത്തിലധികമായി കെട്ടിക്കിടക്കുന്ന എത്ര അപേക്ഷകളുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്നും വ്യക്തമാക്കാമോ?

**<u>സ്മാർട്ട്, മോഡൽ അംഗൻവാടികൾ</u>**

2395 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളെ സ്മാർട്ട്, മോഡൽ അംഗൻവാടികളായി തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) 2016 മേയ് മാസത്തിന് ശേഷം എത്ര അംഗൻവാടികളെയാണ് സ്മാർട്ട്, മോഡൽ എന്നീ കാറ്റഗറിയിലേക്ക് ഉയർത്താൻ തെരഞ്ഞെടുത്തതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ അംഗൻ വാടികൾ</u>**

2396 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) അരുവിക്കര മണ്ഡലത്തിലെ ഏതെല്ലാം അംഗൻ വാടികൾക്ക് അടിസ്ഥാന സൗകര്യത്തിൽ പരിമിതി ഉണ്ടെന്ന് വ്യക്തമാക്കാമോ?

**<u>സറോഗസി പദ്ധതി</u>**

2397 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സറോഗസി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) അപേക്ഷകൾ സമർപ്പിക്കേണ്ടത് ആർക്കാണ്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് സറോഗസി പദ്ധതി നടപ്പിലാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും ചൂഷണങ്ങളും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് വ്യക്തമാക്കുമോ?

**<u>പുതിയ അംഗൻവാടികൾക്കുള്ള അനുമതി</u>**

2398 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ എത്ര അംഗൻവാടികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന്

ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അംഗൻവാടികൾ തുടങ്ങാൻ എത്ര ചെലവുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പുതിയ അംഗൻവാടികൾക്കുള്ള അനുമതി സംസ്ഥാന സർക്കാർ റദ്ദാക്കി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

## തൃക്കാക്കര മണ്ഡലത്തിലെ അംഗൻവാടികൾ

2399 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും ഏതെല്ലാമെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) അവയിൽ ഏതെല്ലാം അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടം ഉള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അംഗൻവാടികളിൽ സ്വന്തമായി സ്ഥലം ഉള്ളതും എന്നാൽ കെട്ടിടമില്ലാത്തതും ആയവ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഈ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി

2400 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോന്നിയിൽ ആരംഭിക്കുന്ന ഗോഡൗണിന്റെ പ്രവർത്തനം സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

## ഭക്ഷ്യഭദ്രത ഗോഡൗണുകളിലെ പരിശോധന

2401 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യഭദ്രത ഗോഡൗണുകളിൽ സ്റ്റോക്ക് കുറവായതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഗോഡൗണുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട് വിശദമാക്കാമോ;

(ബി) 15.01.2018-ൽ പൊതുവിതരണ വകുപ്പ് സംസ്ഥാനതല ഇൻസ്പെഷൻ ടീം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്കെതിരെയുള്ള വകുപ്പുതല നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

## ക്രമക്കേടുകൾ കണ്ടെത്താൻ പരിശോധന

2402 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിയുടെയും വിവിധ പലവ്യഞ്ജനങ്ങളുടെയും ബിസ്കറ്റ് ഉൾപ്പെടെ ഉള്ള സാധനങ്ങളുടെയും വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു പരിഹരിക്കാനും വിപണി ഇടപെടലിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ബിസ്കറ്റും സോപ്പും പോലെ ഉള്ള സാധനങ്ങളുടെ വില കൂട്ടുകയും അളവ് കുറയ്ക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പരിശോധനകൾ നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചത് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എതിരെയാണ്; എത്ര സ്ഥാപനങ്ങൾക്ക് എതിരെയാണ് ജില്ലാതല അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്;

(ബി) അരിയുടെയും മറ്റ് അഞ്ച് സാധനങ്ങളുടെയും വില നിയന്ത്രിക്കാൻ ആന്ധ്ര സർക്കാരുമായി നേരിട്ട് ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ ഏതുവരെയായി; ആന്ധ്ര ഭക്ഷ്യ മന്ത്രി കേരളത്തിൽ എത്തി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് തീരുമാനത്തിൽ എത്തിയത്; ആന്ധ്രയിൽ നിന്ന് ജയ അരി ലഭിക്കാൻ സാധ്യതയില്ലെന്നും അതിന്റെ കൃഷി വീണ്ടും ആരംഭിക്കേണ്ടിവരുമെന്നും ആന്ധ്ര ഭക്ഷ്യമന്ത്രി കേരളത്തെ അറിയിച്ചിട്ടുണ്ടോ; ജയ അരിക്ക് പകരം സുരേഖ അരി സപ്ലൈകോ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സപ്ലൈകോ വഴി നിലവിൽ ജയ, സുരേഖ ഇനങ്ങളിലെ അരി വിതരണം ചെയ്യാൻ ആർക്കാണ് കരാർ നൽകിയിരിക്കുന്നത്; ഇവർ എത്ര രൂപയ്ക്കാണ് അരി വിതരണം ചെയ്യുന്നതെന്നും ഇതേ അരിക്ക് ആന്ധ്രയിലെ വില എത്രയാണെന്നും ആന്ധ്രയിലെ അരി നേരിട്ട് കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യാനുള്ള കരാർ നടപ്പാകുമ്പോൾ എത്ര രൂപ ലാഭം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) വിലക്കയറ്റം പിടിച്ചുനിർത്താനുള്ള വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വിൽപനശാലകൾ വഴി അരി ഉൾപ്പെടെ എന്തെല്ലാം ഉല്പന്നങ്ങളാണ് സബ്സിഡി ഇനത്തിൽ നൽകി വരുന്നത്; ഇവയുടെ നിലവിലെ വില എത്രയാണെന്നും സബ്സിഡി ഇനങ്ങൾ വാങ്ങാൻ റേഷൻ കാർഡ് ആവശ്യമാണോയെന്നും എത്ര റേഷൻ കാർഡ് ഉടമകൾ ഈ സാമ്പത്തിക വർഷം ഇങ്ങനെ സബ്സിഡി ഉൽപന്നങ്ങൾ വാങ്ങി എന്നും വ്യക്തമാക്കുമോ; ഇതിന്റെ ജില്ലാതല കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സപ്ലൈകോ വഴി സബ്സിഡിയായി സാധനങ്ങൾ വാങ്ങാൻ ജീവനക്കാർ മറ്റാരുടെയെങ്കിലും റേഷൻ കാർഡ് ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സപ്ലൈകോ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും വിലവർദ്ധനയും

2403 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടരെ തുടരെ ഉണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും

ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനവിലയേയും ലഭ്യതയേയും എപ്രകാരം ബാധിച്ചുവെന്നും ഇതുമൂലമുണ്ടായ വിലവർദ്ധനവും ദൗർല്ലഭ്യവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ബി) ഈ അവസ്ഥ തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉറപ്പുവരുത്താനും വിലനിലവാരം പിടിച്ചു നിർത്താനുമായി നടപ്പാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അവശ്യം വേണ്ടുന്ന നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റിതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുടെ അളവും വ്യക്തമാക്കുമോ?

## <u>അർഹത ഇല്ലാത്തവർ റേഷൻ സാധനങ്ങൾ വാങ്ങിയതിനുള്ള പിഴ</u>

2404 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവർ റേഷൻ സാധനങ്ങൾ വാങ്ങിയതിന് സപ്ലൈ ഓഫീസുകളിൽ പിഴ ഈടാക്കി വരുന്നുണ്ടോ;

(ബി) അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കാർഡ് ഉടമകൾക്ക് പിഴ അടക്കുന്നതിൽ പ്രത്യേക ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ മിനിമം നിലവാരം</u>

2405 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ പലപ്പോഴും മോശം നിലവാരത്തിലുള്ളവയാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് മിനിമം നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കാമോ;

(സി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>റേഷൻ വ്യപാരികളുടെ കമ്മീഷൻ</u>

2406 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വ്യപാരികൾക്ക് നൽകേണ്ട കമ്മീഷൻ തുക പകുതിയിലേറെ വെട്ടിക്കുറക്കേണ്ട സാഹചര്യം എങ്ങനെ വന്നു എന്ന്

വ്യക്തമാക്കാമോ; ഈ പ്രതിസന്ധി മറികടക്കുവാൻ എന്തെല്ലാം നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ വ്യാപാരികൾക്ക് ധന വകുപ്പിൽ നിന്നും അനുവദിച്ചു നൽകേണ്ട കമ്മീഷൻ തുക നൽകാതിരിക്കുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇപോസ് മെഷീന്റെ തകരാർ വ്യാപാരികൾക്കും ജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ അത് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇടക്കിടെ ഇത്തരം തകരാറുകൾ സംഭവിക്കുന്നതിന്റെ കാരണം സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കെ-സ്റ്റോർ പദ്ധതി</u>

2407 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഏതെല്ലാം സേവനങ്ങളാണ് കെ-സ്റ്റോർ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള അരി വിതരണം</u>

2408 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം വഴി നൽകുന്ന റേഷൻ അരിയിൽ പച്ചരി കൂടുതലും പുഴക്കലരി കുറവാണെന്നുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022-23 സാമ്പത്തിക വർഷം എത്ര അരിയാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നതെന്നും ഓരോ മാസത്തെയും പുഴക്കലരിയുടേയും പച്ചരിയുടെയും അലോട്ട്മെന്റ് എത്ര വീതമാണെന്നും അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാർ മുൻഗണന വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് നൽകാൻ പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പി.എം.ജി.കെ.എ.വൈ.) പ്രകാരം നൽകുന്ന അരിയുടെ കേരളത്തിലെ വിതരണത്തിൽ ഓഗസ്റ്റ് മുതലുള്ള മാസങ്ങളിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022-23 വർഷത്തിൽ ഓരോ മാസവും കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ച അരിയും കേരളം വിതരണം ചെയ്ത അരിയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള അരി മുഴുവൻ വാങ്ങാൻ സാധിക്കാത്ത മുൻഗണന റേഷൻ കാർഡ് അംഗങ്ങൾക്ക് അടുത്ത മാസത്തേക്ക് അരി വിതരണം നീട്ടി നൽകിയിരുന്നോ; ഇങ്ങനെ നീട്ടി നൽകിയപ്പോൾ ഒട്ടും അരി വാങ്ങാത്തവർക്ക്

മാത്രമാണ് അവസരം നൽകിയതെന്നും ബാക്കിയുള്ളവരെ ഒഴിവാക്കി എന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന അരി മുഴുവൻ വിതരണം ചെയ്യാതെ ബാക്കി വന്നാൽ മുൻഗണനേതര കാർഡ് ഉടമകൾക്ക് നൽകാറുണ്ടോ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ?

**<u>അരുവിക്കര നിയോജക മണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി</u>**

2409 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ പദ്ധതി പ്രകാരം അരുവിക്കര നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>ന്യായവില ഹോട്ടലുകൾ</u>**

2410 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരംഭിച്ച ന്യായവില ഹോട്ടലുകൾ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ</u>**

2411 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ കുടുംബശ്രീയുടെ സഹായത്തോടെ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പാറശാല നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ</u>**

2412 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ പാറശാല നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ;

(ബി) പാറശാല നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

**<u>ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപടി വിതരണം</u>**

2413 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപടി വിതരണത്തിൽ നിന്ന് സപ്ലൈകോയെ ഒഴിവാക്കി പൊതുവിതരണവകുപ്പിനെ ചുമതലയേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

**<u>അർഹരായവർക്ക് ബി.പി.എൽ. റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നടപടി</u>**

2414 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ നിരവധി പേർക്ക് ബി.പി.എൽ. റേഷൻകാർഡ് ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ബി.പി.എൽ. റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>നാലുചക്ര വാഹനമുള്ളവർക്കും മുൻഗണനാ വിഭാഗം റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടി</u>**

2415 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റണമെങ്കിൽ കുടുംബാംഗങ്ങൾക്ക് നാലുചക്ര വാഹനം ഉണ്ടായിക്കൂടാ എന്ന ഒരു നിബന്ധനയുള്ളതിനാൽ ഭിന്നശേഷിക്കാരും അംഗപരിമിതരുമായ നിരവധി പേർക്ക് സഞ്ചരിക്കണമെങ്കിൽ നാല് ചക്ര വാഹനം അത്യാവശ്യമാണെന്നിരിക്കെ അർഹരായ നിരവധി പേരുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്?

**<u>ബി.പി.എൽ. വിഭാഗം റേഷൻ കാർഡിനുള്ള മാനദണ്ഡങ്ങളിൽ അപാകത</u>**

2416 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന റേഷൻ കാർഡ് നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടിന്റെ വിസ്തീർണ്ണം, നാലു ചക്ര വാഹനം എന്നീ മാനദണ്ഡപ്രകാരം റേഷൻ കാർഡ് നൽകിയപ്പോൾ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന നിരവധി കുടുംബങ്ങൾ പ്രസ്തുത പട്ടികയിൽ നിന്ന് പുറത്തായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## റേഷൻ മുൻഗണന പട്ടികയിലെ കാർഡിന്റെയും അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം

2417 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ റേഷൻ മുൻഗണന പട്ടികയിൽ എത്ര കാർഡ് ഉടമകൾ ഉൾപ്പെട്ടിട്ടുണ്ട്; ഓരോ കാർഡിന്റെയും ആയതിന് അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം ഉൾപ്പെടെ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്യാൻസർ പോലെയുള്ള ഗുരുതര രോഗം ബാധിച്ചവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകുന്നതിന് ആർക്കാണ് അപേക്ഷ നല്കേണ്ടതെന്ന് അറിയിക്കുമോ;

(ഡി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ?

## എ.എ.വൈ. റേഷൻ കാർഡിനുള്ള അർഹത

2418 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എ.വൈ. റേഷൻ കാർഡ് അനുവദിക്കപ്പെട്ട കുടുംബത്തിലെ മുതിർന്ന അംഗം മരണപ്പെട്ടാൽ മുൻഗണനാ കാർഡിന് പൂർണ്ണമായും അർഹതയുണ്ടെങ്കിലും പ്രസ്തുത കുടുംബം മുൻഗണനേതര വിഭാഗത്തിലേക്ക് റേഷൻ കാർഡ് മാറ്റേണ്ടതുണ്ടോ; വിശദമാക്കാമോ?

## സറണ്ടർ ചെയ്യുന്ന മുൻഗണനാ റേഷൻ കാർഡുകൾക്ക് പിഴ

2419 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ സറണ്ടർ ചെയ്യുന്നതിനായി നൽകിയ അവസരത്തിൽ സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ അക്ഷയ സെന്ററുകൾ വഴി നൽകുന്നതിന് നിർദേശം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) തിരൂർ താലൂക്ക് സപ്ലൈ ഓഫീസർക്ക് ഇപ്രകാരം അക്ഷയ സെന്ററുകൾ മുഖേന എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിൽമേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അപേക്ഷ നൽകിയവരോട് പിഴ നൽകാൻ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭിന്നശേഷിക്കാർക്കും വിധവകൾക്കും മുൻഗണനാ റേഷൻ കാർഡിന് അർഹതപ്പെട്ട മറ്റുള്ളവർക്കും പിഴ അടയ്ക്കാൻ നിർദേശം നൽകിയത് പുനഃപരിശോധിക്കുന്നതിന്

നടപടി സ്വീകരിക്കുമോ?

**എ.പി.എൽ., ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ്**

2420 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ അനധികൃതമായി ബി.പി.എൽ. കാർഡ് കൈപ്പറ്റിയ എത്രപേരാണ് കാർഡ് എ.പി.എൽ. വിഭാഗത്തിലേക്ക് മാറ്റിയിട്ടുള്ളതെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ; എ.പി.എൽ.-ൽ ഉൾപ്പെട്ടവരും ബി.പി.എൽ. വിഭാഗത്തിൽപ്പെടേണ്ടവരുമായ ആളുകളുടെ എത്ര അപേക്ഷയാണ് പ്രസ്തുത ജില്ലയിലെ വിവിധ താലൂക്കുകളിലായി ഇനിയും തീർപ്പ് കല്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**മുൻഗണനാ വിഭാഗത്തിൽ നിന്നും പൊതു വിഭാഗത്തിലേക്ക് മാറുന്നതിനുള്ള നടപടിക്രമങ്ങൾ**

2421 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ റേഷൻ കാർഡ് ഉടമകൾക്ക് പൊതു വിഭാഗത്തിലേക്ക് മാറുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അങ്ങനെ മാറുന്നതിനായി സ്വയം അപേക്ഷ സമർപ്പിച്ചാൽ ഫൈൻ ഈടാക്കുന്ന അവസ്ഥ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**അരുവിക്കര നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട**

2422 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻ കട എന്ന പദ്ധതി അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി വേണ്ടിവരുന്ന വാഹനം ഏത് തരത്തിലുള്ളതാണെന്നും ഇതിന് ഉദ്ദേശം എത്ര തുകയാണ് വേണ്ടി വരുന്നതെന്നും ഡ്രൈവറുടെ ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണി തുടങ്ങിയ ആവർത്തന ചെലവുകൾ എങ്ങനെയാണ് വഹിക്കുന്നതെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

**കെ- സ്റ്റോർ പദ്ധതി**

2423 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ പദ്ധതിയിലേക്ക് കോട്ടയം ജില്ലയിലെ ഏതെല്ലാം റേഷൻകടകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**കുറ്റ്യാടി മണ്ഡലത്തിലെ തുറശ്ശേരിയിൽ റേഷൻ കട അനുവദിക്കുന്നതിന് നടപടി**

2424 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട തുറശ്ശേരിയിലെ റേഷൻ കടയ്ക്കായി മുന്നാരാജ്, മുതുവന പി.ഒ., എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത റേഷൻ കട സംബന്ധിച്ച് വടകര താലൂക്ക് സപ്ലൈ ഓഫീസർ അനുകൂല റിപ്പോർട്ട് നൽകിയെങ്കിലും ഇതുവരെയായി അപേക്ഷ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി അപേക്ഷ തീർപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കാൻ നടപടി**

2425 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്; കെ-സ്റ്റോർ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ ഏതെല്ലാം റേഷൻഷോപ്പുകളിലാണ് കെ-സ്റ്റോർ അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

**റേഷൻ വ്യാപാരികളുടെ ക്ഷേമനിധി**

2426 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ഘടനയും നിലവിലുള്ള തസ്തികകളുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ക്ഷേമനിധി പെൻഷൻ നിലവിൽ എത്ര രൂപയാണെന്നും എത്ര പേർക്ക് നൽകിവരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഇ) ക്ഷേമനിധി പെൻഷൻ വിതരണം മുടങ്ങുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ**

2427 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ ഹോട്ടലുകൾ തുടങ്ങുന്ന സമയത്ത് സപ്ലൈകോയിൽ നിന്ന് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ കിട്ടുമെന്ന് അറിയിച്ചത് നാളിതുവരെ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) ഒരു ഊണിന് അഞ്ച് രൂപ എന്ന നിരക്കിൽ ലഭിക്കുന്ന കമ്മീഷൻ കൊണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് ഹോട്ടൽ നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## കാസർകോഡ് ജില്ലയിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ

2428 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ വിവിധ വിഭാഗത്തിൽപ്പെടുന്ന എത്ര റേഷൻ കാർഡ് ഉടമകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് അളവുകൾ സഹിതം വ്യക്തമാക്കാമോ;

(സി) കാസർകോഡ് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന അരി ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുറച്ചുകാലമായി ജില്ലയിലെ എല്ലാ കാർഡുടമകൾക്കും പച്ചരിയാണ് വിതരണം ചെയ്യുന്നത് എന്ന് പറയപ്പെടുന്നത് ശരിയാണോ; എങ്കിൽ എത്ര കാലമായി പച്ചരി മാത്രം വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ മറ്റു ജില്ലകളിൽ പുഴുക്കലരി വിതരണം നടത്തുന്നുണ്ടോ; എങ്കിൽ കാസർകോഡ് ജില്ലയിൽ മാത്രം എന്തുകൊണ്ടാണ് പുഴുക്കലരി വിതരണം ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ റേഷൻ അരി വിതരണം

2429 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി അരി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവ വിതരണം ചെയ്യാതെ പച്ചരി മാത്രം വിതരണം ചെയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവയുടെ വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പോഷകസമ്പുഷ്ട അരി വിതരണം

2430 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ പോഷകസമ്പുഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) നൽകാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ, എങ്കിൽ കേന്ദ്ര നിർദ്ദേശത്തോട് സംസ്ഥാനം അനുകൂല തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ, ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് സംസ്ഥാനം അറിയിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ, ;

(ബി) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിലവിൽ വിതരണം ചെയ്യുന്ന അരിയിൽ ആവശ്യത്തിന് പോഷകം ലഭ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; പോഷക സമ്പുഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) ജനങ്ങൾ ഉപയോഗിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ആരോഗ്യരംഗത്ത് എന്തെല്ലാം പ്രശ്നങ്ങൾ ഇതിന്റെ ഉപയോഗം മൂലമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്; ഈ വിഷയത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് ഈ അരി വിതരണം ചെയ്യുന്നതെന്നും പരീക്ഷണാടിസ്ഥാനത്തിൽ അരി വിതരണത്തിന് എന്തുകൊണ്ടാണ് പ്രസ്തുത മേഖല തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; അരിയുടെ ഉപയോഗത്തിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആവശ്യമായ പഠനങ്ങൾക്ക് ശേഷമാണോ ഈ അരിയുടെ വിതരണം സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്; എങ്കിൽ ഏത് രീതിയിലുള്ള പഠനമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

## <u>മണ്ണെണ്ണ, ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ കുറവ്</u>

2431 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാർഡ് ഉടകൾക്ക് ലഭ്യമായികൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ കാർഡ് ഉടമകൾക്ക് ലഭ്യമായികൊണ്ടിരുന്ന ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളെക്കാൾ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>റേഷൻ വ്യാപാരികളുടെ കമ്മീഷൻ</u>

2432 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് റേഷൻ വിതരണത്തിന്റെ കമ്മീഷൻ നൽകുന്നതിൽ സർക്കാർ കുടിശ്ശിക വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് മുൻ മാസത്തെ കമ്മീഷൻ നൽകാമെന്ന് സർക്കാർ രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ടോ;

(സി) 2022 ഒക്ടോബറിൽ കമ്മീഷനായി വ്യാപാരികൾക്ക് നൽകേണ്ട തുകയിൽ കുറവ് വരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഏത് സാഹചര്യത്തിലാണെന്നും വിശദമാക്കുമോ;

(ഡി) ചില വ്യാപാരികൾക്ക് ആദ്യം കമ്മീഷൻ നൽകാനും മറ്റുള്ളവർക്ക് പണം ഉണ്ടെങ്കിൽ നൽകാനും സിവിൽ സപ്ലൈസ് കമ്മീഷണർ ഉത്തരവിറക്കിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; ഇവരെ വിവിധ കാറ്റഗറിയായി തിരിച്ചാണോ കമ്മിഷൻ നൽകുന്നതെന്ന് അറിയിക്കാമോ;

(എഫ്) കമ്മീഷൻ നൽകുന്ന തുകയിൽ നിന്ന് എന്തൊക്കെ നിരക്കുകളാണ് സർക്കാർ ഈടാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ജി) റേഷൻകടയുടെ വാടക, സെയിൽസ്മാന്റെ വേതനം, വൈദ്യുതി നിരക്ക് എന്നിവ കണക്കാക്കിയാണോ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കുമോ?

## ഉച്ച ഭക്ഷണം നൽകുന്നതിനുവേണ്ടി വിതരണം ചെയ്ത അരി

2433 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഒക്ടോബർ മാസത്തിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ വിവിധ സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി ഉപയോഗ്യയോഗ്യമല്ലാത്ത അരി വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഭക്ഷ്യ വസ്തുക്കളുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ പരിശോധന

2434 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിൽ ഭക്ഷ്യ വസ്തുക്കളുടെ വില വൻതോതിൽ വർദ്ധിച്ചുവെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നത് കണ്ടെത്തുന്നതിനും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനുമായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പൊതുവിപണിയിലെ വിലവർദ്ധനവും കരിഞ്ചന്തയും പൂഴ്ത്തി വെയ്പ്പും തടയുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നാളിതുവരെയായി

സ്വീകരിച്ചിട്ടുള്ളത് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രണം സാധ്യമായിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിപണിയിലെ ഭക്ഷ്യ വസ്തുക്കളുടെ വിലയും ഇപ്പോഴത്തെവിലയും എത്രയാണെന്നും സർക്കാരിന്റെ വിപണി ഇടപെടലിനെ തുർന്നു വില കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഏതെല്ലാമാണെന്നും അറിയിക്കാമോ?

## എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ റേഷൻ പരിമിതപ്പെടുത്തിയ നടപടി

2435 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന റേഷൻ അരി, മണ്ണെണ്ണ, ഗോതമ്പ് എന്നിവ പരിമിതപ്പെടുത്തിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ ആയി ഏതെല്ലാം ഇനങ്ങൾ എത്ര അളവിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## മണ്ണെണ്ണ, ഗോതമ്പ് വിതരണ പ്രതിസന്ധി

2436 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഗോതമ്പും മറ്റ് ഭക്ഷ്യ സാധനങ്ങളും സംസ്ഥാനത്തെ എല്ലാ വിഭാഗം കാർഡ് ഉടമകൾക്കും റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ വില

2437 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാപ്രളയകാലത്ത് വിതരണം ചെയ്ത സൗജന്യ അരിയുടെ വില തിരിച്ചടക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

2438 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) വകുപ്പിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്കുള്ള ഡെപ്യൂട്ടേഷനിൽ

ഓരോ വർഷവും പത്ത് ശതമാനം കുറവ് വരുത്താൻ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനം കൃത്യമായി പാലിക്കുന്നുണ്ടോ; വിശദമാക്കാമോ?

**സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വിലവിവരപട്ടിക**

2439 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം സബ്സിഡി നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും അധികാരമൊഴിയുന്ന തീയതിയിലെ സാധനങ്ങളുടെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും ഈ സാധനങ്ങളുടെ നിലവിലെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ;

(ഡി) സബ്സിഡിയോടെ വിൽപ്പന നടത്തുന്ന സാധനങ്ങൾക്ക് വില വർദ്ധിക്കുകയില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് പൊതുവിപണിയിൽ ലഭ്യമായ അരി ഓരോ ഇനത്തിനും ഏറ്റവും ഒടുവിലത്തെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; ഇവയുടെ സപ്ലൈകോയിലെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; അരിവില നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

**സപ്ലൈകോയിൽ ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യ**

2440 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ താലൂക്ക് തലത്തിൽ പുതുതായി എത്ര ഗോഡൗണുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഏതൊക്കെ താലൂക്കുകളിലാണ് അവ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) പി.വി.സി. പ്ലാസ്റ്റിക് റേഷൻ കാർഡ് വഴി പൊതുജനങ്ങൾക്ക് ബാങ്കിംഗ്സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമം വിശദമാക്കാമോ; പ്രസ്തുത സേവനം ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിൽ ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ;

(ഡി) റേഷൻകടകൾ, ഗോഡൗണുകൾ, സപ്ലൈകോ എന്നിവിടങ്ങളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>ന്യായവിലയ്ക്ക് നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് നടപടി</u>**

2441 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവിലയ്ക്ക് ഭക്ഷ്യധാന്യമുൾപ്പടെയുള്ള നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൊതു വിപണിയിൽ വില കുറയ്ക്കുന്നതിനുള്ള ഇടപെടലിന്റെ ഭാഗമായി, സർക്കാർ സപ്ലൈകോ വിൽപ്പനശാലകളിലും, മാവേലി സ്റ്റോറുകളിലും വഴി വിൽക്കുന്ന സാധനങ്ങൾക്ക് ഈടാക്കുന്ന വിലയും, പൊതുവിപണിയിലെ വിലയും, വിലകൾ തമ്മിലുള്ള അന്തരവും എത്ര വീതമെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇങ്ങനെ സബ്സിഡി നിരക്കിൽ നിത്യോപയോഗ വസ്തുക്കൾ നൽകുന്നതിന്റെ ഗുണഫലം റേഷൻ കാർഡ് ഉടമകൾക്ക്എത്രത്തോളം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാർ എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

**<u>കാണിനാട്ടിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ</u>**

2442 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽപ്പെട്ട വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാണിനാട്ടിൽ സപ്ലൈകോ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണിനാട്ടിൽ സപ്ലൈകോ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മാവേലി സൂപ്പർ സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്താൻ നടപടി</u>**

2443 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിലെ ശരാശരി പ്രതിമാസ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സൂപ്പർ സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>പിറവം നിയോജക മണ്ഡലത്തിലെ ഇലഞ്ഞിയിൽ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ്</u>**

2444 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം അനുമതിയാണ് ആവശ്യമായിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഏറനാട് താലൂക്കിലെ റേഷൻ വിതരണം

2445 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡല പരിധിയിൽ ഏറനാട് താലൂക്കിൽ നവംബർ മാസത്തെ റേഷൻ വിഹിതം (പുഴുക്കലരി) വിതരണം ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) എല്ലാ റേഷൻ ഗുണഭോക്താക്കൾക്കും അർഹമായ വിഹിതം നിശ്ചിത ദിവസത്തിനുള്ളിൽ തന്നെ പൂർണ്ണമായും വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

2446 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങൾക്കായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വിശദമാക്കുമോ?

## സപ്ലൈകോയിലെ താല്കാലിക നിയമനങ്ങൾ

2447 **ശ്രീ . എൻ . ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകൊയിൽ നിലവിൽ എത്ര താല്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ജീവനക്കാരെ പിരിച്ച് വിട്ട് പുതിയ താല്കാലിക ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വർഷങ്ങളായി പാക്കർ തസ്തികയിൽ സപ്ലൈകൊയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിയെ യൂണിയൻ നേതാവ് ആവശ്യപ്പെട്ട പണം നൽകാത്തതിന്റെ പേരിൽ ജോലിയിൽ നിന്നും പിരിച്ച് വിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് പോലീസിലും മറ്റും പരാതി നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സപ്ലൈകോയിലെ തിരിമറിയുമായി ബന്ധപ്പെട്ട് ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ?

## <u>സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും സ്ഥാനക്കയറ്റവും</u>

2448 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ൽ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സപ്ലൈകോയിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് തീരുമാനമെടുത്തിട്ടുണ്ടോ, എങ്കിൽ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ അഥവാ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോയിൽ വർഷാവർഷം 10% ഡെപ്യൂട്ടേഷൻ സേവനം കുറച്ച് കൊണ്ടുള്ള ഉത്തരവ് നിലവിൽ നടപ്പിലാക്കുന്നുണ്ടോ; മേൽ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സപ്ലൈകൊയിലെ സ്ഥിരം ജീവനക്കാരിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-1, സീനിയർഅസിസ്റ്റന്റ്-2, ജൂനിയർ മാനേജർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും ജൂനിയർ അസിസ്റ്റന്റ്, സീനിയർഅസിസ്റ്റന്റ്-1, സീനിയർഅസിസ്റ്റന്റ്-2 തസ്തികകളിൽ ജോലി ചെയ്യുന്നവരുണ്ടോ; വിശദമാക്കുമോ?

## <u>നെല്ല് സംഭരണത്തിന് സ്വീകരിച്ച നടപടികൾ</u>

2449 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>സെയിൽസ്മാൻമാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി</u>

2450 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-നുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച

സെയിൽസ്മാൻമാർക്ക് സപ്ലൈകോയിൽ നിലവിലുള്ള ഇ.പി.എഫ്. പെൻഷൻ ബാധകമാണോ;

(ബി) ബാധകമല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

**<u>സമ്പൂർണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനം</u>**

2451 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് കീഴിൽ വരുന്ന മീഡിയേഷൻ കേന്ദ്രങ്ങളും സൗജന്യ ഉപഭോക്തൃ നിയമസഹായ കേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് കീഴിലെ സൗജന്യ നിയമ സഹായ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്കുള്ള പരാതികൾ ഓൺലൈനായി ഫയൽ ചെയ്യാനുള്ള ഇ-ഡാകിൽ സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് സ്വീകരിക്കുന്ന നടപടികൾ</u>**

2452 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ബി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന് എത്ര രൂപയാണ് പിഴ ചുമത്തുന്നത് എന്നും അറിയിക്കാമോ?

**<u>പയ്യന്നൂർ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മാണം</u>**

2453 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്ന് വായ്പ എടുക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ ലഭിച്ച തീയതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പരും ആയത് നിലവിൽ ഏത് സെക്ഷനിലാണെന്നും വിശദമാക്കുമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാടികളിൽ നിയമസഭാംഗങ്ങളുടെ പ്രോട്ടോക്കോൾ</u>**

2454 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭാംഗങ്ങളെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് 18.12.2014 ൽ പുറപ്പെടുവിച്ച ഇ.എം.1/150/2014 നമ്പർ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>യുണീക്ക് ബിൽഡിംഗ് നമ്പർ</u>**

2455 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഏത് സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പാക്കുന്നതെന്നും അറിയിക്കാമോ; പ്രസ്തുത സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) എല്ലാ കെട്ടിടങ്ങൾക്കും സോഫ്റ്റ്‌വെയർ സഹായത്തോടെ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**<u>ഐ.ബി.പി.എം.എസ്. സംവിധാനം പരിഷ്കരിക്കാൻ നടപടി</u>**

2456 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഐ.ബി.പി.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ ചട്ടം പൂർണമായും പ്രസ്തുത സംവിധാനത്തിൽ ഇൻകോർപ്പറേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ പുനലൂർ നിയോജക മണ്ഡലത്തിൽ അനുമതികൾക്ക് കാലതാമസവും ബുദ്ധിമുട്ടും നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി കൂടുതൽ സുതാര്യവും ലളിതവുമായ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം കൊണ്ടുള്ള ഗുണവും സാമ്പത്തിക നഷ്ടവും

2457 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായതിനു ശേഷം പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങൾ നിലവിൽ സുഗമമായും ത്വരിതഗതിയിലും ലഭിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് ലഭിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി രൂപീകരിച്ച തസ്തികകൾ ഏതൊക്കെയാണെന്നും, അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതെല്ലാമെന്നും പുതിയ തസ്തികകളുടെ ശമ്പളസ്കെയിലും, പ്രസ്തുത തസ്തികകൾമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും ഇവ സാധൂകരിക്കുന്ന വിധത്തിൽ സേവനങ്ങൾ മെച്ചപ്പെടുന്നുണ്ടോ എന്നും വിശദമാക്കുമോ;

(ഡി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി ജില്ലകളിൽ രൂപീകരിച്ച ജോയിന്റ് ഡയറക്ടർ എന്ന പുതിയ തസ്തികയുടെ ശമ്പള സകെയിൽ എത്രയാണെന്നും ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ നേരത്തേ ഹോൾഡ് ചെയ്തിരുന്ന തസ്തികയിൽ ശമ്പളസകെയിലും നിലവിൽ ജോയിന്റ് ഡയറക്ടറായപ്പോഴുള്ള ശമ്പളസകെയിലും തമ്മിലുള്ള വർദ്ധനവ് എത്രയൊണെന്നും വ്യക്തമാക്കുമോ;

(ഇ) ജില്ലകളിൽ ജോയിന്റ് ഡയറക്ടറുമായി സംയോജിപ്പിച്ച് ഏതൊക്ക വകുപ്പുകളിൽ ഉള്ളവരെയാണ് നിയമിച്ചിട്ടുള്ളതെന്നും, സംയോജിപ്പിച്ച അഞ്ചു വകുപ്പുകൾക്കും ലഭിച്ച തസ്തികകളുടെ എണ്ണം എത്രയാണെന്നും, പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമാവുന്നതിനു മുൻപ് അഞ്ച് വകുപ്പിലുമുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ പുതിയ തസ്തികകൾ സൃഷ്ടിച്ചതും നിലവിലെ തസ്തികൾ അപ്ഗ്രേഡ് ചെയ്തതും എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ജി) ഇതിനാവശ്യമായ മാറ്റം വരുത്തുമോ; വ്യക്തമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

2458 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി നിലവിലുണ്ടായിരുന്ന വീട് പൊളിച്ചെങ്കിലും സർക്കാരിൽ നിന്നുള്ള ഫണ്ടും അനുമതിയും ലഭിക്കാത്തതിനാൽ നിർമ്മാണം തുടങ്ങാനാകാതെ ഷെഡ്ഡിലോ വാടകവീട്ടിലോ താമസിക്കേണ്ടി വരുന്ന നിലവിലെ സാഹചര്യം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതർ സർക്കാർ ഫണ്ട് ലഭിക്കാതെ നിർമ്മാണ പ്രവൃത്തി തുടങ്ങരുതെന്ന ഉത്തരവിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ സ്ഥലം മാറ്റം**

2459 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും പൊതു സ്ഥലമാറ്റത്തിലൂടെയും അല്ലാതെയും മൂന്ന് വർഷം പൂർത്തിയാക്കിയ ഏതൊക്കെ ജീവനക്കാരെ ഈ വർഷം സ്ഥലം മാറ്റിയെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരു ജീവനക്കാരന് ഒരു ഓഫീസിൽ തുടർച്ചയായി എത്ര വർഷം വരെ അനുവദിക്കാമെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലംമാറ്റപ്പെട്ട ജീവനക്കാർ ഓരോരുത്തരും എത്ര വർഷം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ജോലി ചെയ്തവരാണെന്ന് പേര് വിവരം സഹിതം വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ആരെയൊക്കെയാണ് വർക്കിങ് അറേൻജ്മെന്റ് വ്യവസ്ഥയിലോ മറ്റോ പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ വീണ്ടും നിയമിച്ചത്; നിർത്തലാക്കിയ വർക്കിങ് അറേൻജ്മെന്റ് വ്യവസ്ഥയിൽ ഇവരെ നിയമിക്കുക വഴി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അട്ടിമറിച്ചിരിക്കുന്ന സാഹചര്യം പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

**ജി.സി.ഡി.എ. യുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കൽ**

2460 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ. യുടെ കീഴിൽ നിലവിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും ഇതിൽ ഓരോ ഷോപ്പിംഗ് കോംപ്ലക്സിലും എത്ര കടമുറികൾ വീതമുണ്ടെന്നും അവയിൽ എത്രയെണ്ണം വാടകയ്ക്ക് / പാട്ടത്തിന് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെ ജി.സി.ഡി.എ.യുടെ കീഴിൽ എത്ര കടമുറികളാണുള്ളതെന്നും ഇവയിൽ എത്രയെണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) വാടകയ്ക്ക് / പാട്ടത്തിന് നൽകിയിട്ടുള്ള കടമുറികളിന്മേൽ പ്രതിമാസം എത്ര രൂപയാണ് ജി.സി.ഡി.എയ്ക്ക് ലഭിക്കേണ്ടതെന്നും ഇപ്പോൾ പ്രതിമാസം എത്ര രൂപ ലഭിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) കടമുറികളുടെ വാടകയിനത്തിൽ നാളിതുവരെ എത്ര രൂപയാണ് ജി.സി.ഡി.എ.യ്ക്ക് കിട്ടാനുള്ളത് എന്ന വിശദാംശം ലഭ്യമാക്കാമോ;

(ഇ) ജി.സി.ഡി.എ.യുടെ അധീനതയിലുള്ള കടമുറികളിൽ എത്രയെണ്ണം കൃത്യമായി വാടക നൽകാതെ ആൾക്കാർ കൈവശം വെച്ചിട്ടുണ്ടെന്നും ഇവർ ആരെല്ലാമാണെന്നും ഇങ്ങനെ കൈവശം വച്ചിട്ടുള്ളവർക്ക് വാടകയിൽ ജി.സി.ഡി.എ. എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ശോചനീയാവസ്ഥയിൽ ആയ കടമുറികൾ പുതുക്കിപ്പണിയുന്നതിനും കിട്ടാനുള്ള വാടക പിരിച്ചെടുക്കുന്നതിനും ജി.സി.ഡി.എ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

## കൊല്ലം ജില്ലയിലെ നബാർഡ് സഹായ പദ്ധതികൾ

2461 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ജീവനക്കാരുടെ പുനർവിന്യാസം

2462 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പതിനഞ്ചിൽ താഴെ വാർഡുകളും കുറഞ്ഞ ജനസംഖ്യയുമുള്ള പഞ്ചായത്തുകളിലും ഇരുപതിന് മുകളിൽ വാർഡുകളുള്ളതും ജനസംഖ്യ കൂടിയതുമായ ഗ്രാമപഞ്ചായത്തുകളിലും ഒരേ രീതിയിലുള്ള സ്റ്റാഫ് പാറ്റേൺ മൂലം ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതര വകുപ്പുകളിൽ അധികമുള്ള ജീവനക്കാരുടെ പുനർവിന്യാസ നടപടികൾ തുടരുന്നതിനും അവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) അവസാനവർഷ എഞ്ചിനീയറിംഗ്, ഡിപ്ലോമ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പും ട്രയിനിംഗും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സങ്കേതം സോഫ്റ്റ് വെയർ

2463 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് ഉപയോഗിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ.ബി.എം.എസ്. സോഫ്റ്റ് വെയർ അതിസങ്കീർണ്ണമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത സോഫ്റ്റ് വെയർ ലളിതമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സങ്കേതം സോഫ്റ്റ് വെയറിൽ ഒരു കെട്ടിടത്തിൽ നിരവധി ഉപയോഗങ്ങൾ വന്നാൽ അവയുടെ വിസ്തീർണ്ണം പ്രത്യേകം നൽകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മാസ്റ്റർപ്ലാൻ, ഡി.റ്റി.പി.സ്കീം എന്നിവ ഓൺലൈൻ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സോഫ്റ്റ് വെയറുകളുടെ ഏകീകരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇത് നടപ്പിലാക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ന് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

## <u>ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക</u>

2464 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലകളും പ്രവർത്തനങ്ങളും ആരാണ് നിലവിൽ നിർവ്വഹിച്ചു പോരുന്നത്;

(സി) അസിസ്റ്റന്റ് സെക്രട്ടറിമാരുടെ സേവനം ലഭിക്കാതെ പോകുന്നത് പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന കാര്യം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ആയത് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിഗണനയിൽ ഉണ്ടോ; അതിന്റെ വിശദാംശം അറിയിക്കാമോ;

(ഇ) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കൂടി അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വിഹിതം</u>

2465 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന വിഹിതത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്ലാൻഫണ്ട് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡി.പി.സി. ക്ക് നൽകുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ കാലതാമസം വരുന്നതിനാൽ, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ ?

**ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ കുഴൽക്കിണർ നിർമ്മാണം**

2466 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിലെ ആലുംമൂട് വാർഡിലെ കുറ്റിമുക്കിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത കത്ത് കൈപ്പറ്റിയ തീയതിയും അതിന്മേൽ തീരുമാനം എടുത്തിട്ടുള്ള തീയതിയും കമ്മിറ്റി തീരുമാനവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തിന്മേൽ തീരുമാനം നൽകാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് അതാത് വാർഡ് തല ഗുണഭോക്തൃ സമിതി കൂടണമെന്ന സർക്കാർ നിർദ്ദേശമോ/ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ**

2467 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങളാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായതിനുശേഷം ലഭിക്കുന്നതെന്നും ഇതിൽ ഏതൊക്ക സേവനങ്ങളുടെ കാലയളവാണ് വേഗത്തിലായതെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വകുപ്പ് രൂപീകൃതമാവുന്നതിനുമുമ്പ് പൊതുജനങ്ങൾക്ക് നൽകി വന്നിരുന്ന ഏതൊക്കെ സേവനങ്ങളിലാണ് കാലതാമസമുണ്ടായിരുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വകുപ്പിനോട് സംയോജിപ്പിച്ച അഞ്ച് വകുപ്പുകൾ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന സമയത്ത് പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് നിലവിൽ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നത്; വിശദാംശം നൽകുമോ?

## കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതി

2468 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയാവുകയും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഏതെല്ലാം പദ്ധതികളാണുള്ളത്; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്ന്, മാവൂർ ഗ്രാമപഞ്ചായത്തിലെ പൊൻപാറക്കുന്ന് എന്നിവിടങ്ങളിലുള്ള ഭവന പദ്ധതി പ്രവൃത്തികളുടെ സ്റ്റാറ്റസ് വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ പൊതുസർവീസ്

2469 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിയമനാധികാരം കരട് വിജ്ഞാപനത്തിൽ നിന്ന് വിഭിന്നമായി, ചീഫ് എഞ്ചിനീയറിൽ നിന്നും പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുസർവീസ് രൂപീകരിക്കപ്പെടുമ്പോൾ ചീഫ് എഞ്ചിനീയർക്ക് മറ്റ് ഉദ്യോഗസ്ഥരിലുള്ള നിയന്ത്രണം നഷ്ടമാകുന്നതോടെ, വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനെ ഇത് സാരമായി ബാധിക്കുമോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി രൂപീകൃതമായ ഇന്റേണൽ വിജിലൻസ് വിംഗിൽ എഞ്ചിനീയറിംഗ് വിംഗിന് പ്രാധാന്യം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സർവീസിലുള്ള ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ ജീവനക്കാർക്ക് പ്രൊമോഷൻ ട്രാൻസ്ഫർ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള ചിക്കൻ

2470 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ ഫ്രാഞ്ചൈസികളുടെ നിലനിൽപ്പിന് പ്രതിസന്ധികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേരള ചിക്കൻ വിൽപ്പന ശാലകൾക്ക് നിലനിൽക്കുന്നതിനാവശ്യമായ മിനിമം കമ്മീഷൻ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ദിവസവേതന -കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും നികുതി നഷ്ടം ഒഴിവാക്കാനും നടപടി

2471 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ, തദ്ദേശസ്ഥാപനങ്ങൾ,പൊതുമേഖല സ്ഥാപനങ്ങൾ,ക്ഷേമനിധി ബോർഡുകൾ കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ദിവസവേതന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കർശനമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി നികുതി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

## ലൈഫ് ഭവന പദ്ധതി - രണ്ടാംഘട്ടം

2472 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്ത് തല നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ വിശദമാക്കാമോ; ലഭ്യമായ അപേക്ഷയിൽ എത്രയെണ്ണം നിരസിച്ചു എന്ന് പഞ്ചായത്ത് അനുസരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കാരണം ലൈഫ് ഭവന പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതി ആരംഭിക്കുന്നതിന് ഉണ്ടായ കാലതാമസം വിവരിക്കാമോ; പദ്ധതി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്നറിയിക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ താൽക്കാലിക /കരാർ നിയമനങ്ങൾ

2473 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക /കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് 2022 ഒക്ടോബർ മാസം

അനുവദിച്ച വേതനത്തിന്റെയും മറ്റാനുകൂല്യങ്ങളുടെയും ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയവ എത്രയെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗവും, ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം**

2474 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കേരള ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് അധികൃതരിൽ നിന്നും വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 6626601/22 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**ഭരണഘടനയുടെ ആമുഖം -പ്രതിജ്ഞാ രൂപത്തിൽ പിഴവ്**

2475 **ശ്രീമതി കെ.കെ.രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ചൊല്ലി കൊടുക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് പഞ്ചായത്ത് വകുപ്പിന്റെ ഓഫീസുകളിൽ നൽകിയ നിർദ്ദേശത്തിലുൾപ്പെടുത്തിയ ഭരണഘടന ആമുഖത്തിൽ പിഴവുകൾ ഉണ്ടായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ പിഴവുകൾ വരുത്തിയതായാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ആക്കിയതിൽ ഗുരുതര പിഴവുകൾ കടന്നു കൂടിയെന്ന ആക്ഷേപം ഗൗരവമേറിയ വീഴ്ചയായി സർക്കാർ കാണുന്നുണ്ടോ;

(ഡി) ഈ ഗുരുതര പിഴവ് സംഭവിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

**തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി**

2476 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി നേരിടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പേവിഷബാധക്കെതിരെ കുത്തിവെയ്പ് എടുത്തതിനുശേഷവും രോഗി മരണപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇത്തരത്തിൽ വാക്സിൻ ഫലപ്രദമാകാത്തതിന്റെ കാരണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതി</u>

2477 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി വ്യവസായം, സഹകരണം എന്നീ വകുപ്പുകളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്</u>

2478 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം തുക വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

## <u>കോങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ</u>

2479 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ 2018 മുതൽ തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 20% ടോക്കൺ വിഹിതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഏതൊക്കെ പ്രവൃത്തികൾ ഉണ്ടെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും എത്ര

തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

## <u>സമ്പൂർണ്ണ ദാരിദ്ര്യമുക്തമാക്കുന്ന പദ്ധതി</u>

2480 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ദാരിദ്ര്യ മുക്തമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി എത്ര അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>സംസ്ഥാനത്തെ അതിദരിദ്രരുടെ പട്ടിക</u>

2481 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ അതിദരിദ്രരുടെ പട്ടികയിൽ നിന്നും വിട്ടുപോയവരെ കൂട്ടിച്ചേർക്കുന്നതിന് പൊതു നിർദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ?

## <u>സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഓഹരി പിരിക്കാൻ അനുമതി</u>

2482 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594 ) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം.2/38/2022) പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടേറ്റ്, നഗരകാര്യ ഡയറക്ടേറ്റ് എന്നീ ഓഫീസുകളിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി</u>

2483 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എവിടെയൊക്കെയാണ് തദ്ദേശ സ്വയംഭരണം ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി വിശ്രമ മുറികൾ നിർമ്മിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിശ്രമ കേന്ദ്രങ്ങളുടെ പരിപാലനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന്റെ അപാകത പരിഹരിക്കൽ**

2484 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ മറ്റ് വിഭാഗക്കാർക്ക് താഴെയായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതി വിഭാഗക്കാരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതു ശുചിമുറികളുടെ നിർമ്മാണം**

2485 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇരുപത്തിനാലായിരം പൊതുശുചിമുറികൾ നിർമ്മിക്കുമെന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപനത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**പാലാ കുറ്റില്ലം പാലം നിർമ്മാണം**

2486 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ കുറ്റില്ലം പാലം നിർമ്മാണവുമായി ബന്ധപ്പട്ട് ഡിസൈനു വേണ്ട തുക ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണം വകുപ്പ് ചീഫ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച ഫയലിന്റെ (എ.ബി.4/15097/2021 തീയതി 18.01.2021, എ.ബി.2/ഡി.ബി.6/1994/2022) നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി കോട്ടയം കളക്ടറുടെ ഡി.4/3379/2021/എം.എൽ.എ.-എ.ഡി.എസ്. 20.12.2021 ലെ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റില്ലം പാലം നിർമ്മാണ പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ആന്റ് ഡ്രോയിംഗ് ഡിസൈൻ തയ്യാറാക്കുന്നതിന് ചെലവ് വരുന്ന തുക ലഭിക്കുന്നതിനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണം അധിക സാമ്പത്തിക ബാധ്യതയില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**കോഴിക്കോട് കുടുംബശ്രീ ജില്ലാ ഓഫീസിലെ നിയമനം**

2487 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം,

എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുടുംബശ്രീ ജില്ലാ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഇവർ എത്ര വർഷമായി ഇതേ ഓഫീസിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ തന്നെയുള്ളവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകി പ്രവർത്തനം കൂടുതൽ സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ?

## ലൈഫ് മിഷൻ മുഖേന ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

2488 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ മുഖേന എത്ര ഫ്ലാറ്റ് സമുച്ചയമാണ് നിർമ്മിച്ച് നൽകുന്നതെന്നും ഇതുവഴി എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ ഇടം നൽകാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത ഫ്ലാറ്റ് സമുച്ചയനിർമ്മാണം നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലെയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പുതുതായി എത്ര ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കുടുംബങ്ങൾക്ക് ഇതിലൂടെ സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) പരമ്പരാഗത രീതിയിലെ ഡിസൈൻ, നിർമ്മാണരീതി എന്നിവ പിൻതുടരുന്നതിന് പകരം പുതിയകാല നിർമ്മാണ രീതിയായ പ്രീകാസ്റ്റ് പ്രീസ്ട്രെസ്ഡ് സാങ്കേതികവിദ്യ അവലംബിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ

2489 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ

2490 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന

ശുചിത്വ മാലിന്യ സംസ്കരണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് റോഡ് വികസനം

2491 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുളവുകാട് റോഡ് വികസന പദ്ധതിയുടെ ഭാഗമായി ജിഡ ധനസഹായത്തോടെ നടപ്പിലാക്കുന്ന മൂന്നാംഘട്ട റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## സംരംഭവർഷം പദ്ധതി

2492 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന സംരംഭവർഷം പദ്ധതിയിൽ അഭിമാനകരമായ ലക്ഷ്യം കൈവരിച്ച തദ്ദേശസ്ഥാപനങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ മുണ്ടാർ നടപ്പാലം നിർമ്മാണം

2493 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് ഡിവിഷനിൽപ്പെട്ട മുണ്ടാർ നടപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിൽ ആകുവാനുള്ള കാരണം വ്യകതമാക്കുമോ;

(ബി) പ്രസ്തുത സ്തംഭനാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് തുടങ്ങിയ നിർമ്മാണം പാതിവഴിയിൽ നിലച്ചതുമൂലം ഖജനാവിനുണ്ടായ നഷ്ട്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിജസ്ഥിതി

2494 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിലവിലെ സ്ഥിതിയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തേണ്ട സർവ്വേ നടപടി പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ സ്ഥിതിയും അതിദരിദ്രരുടെ എണ്ണവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കൾക്കും കുടുംബത്തിനും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട്</u>**

2495 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2022-23 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച മെയിന്റനൻസ് ഫണ്ട് വെട്ടിക്കുറച്ച് തുകയിൽ മാറ്റം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെട്ടിക്കുറച്ച പ്രസ്തുത തുക നടപ്പ് വർഷം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് നല്കിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത തുക എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

**<u>ശുചിത്വ മിഷൻ പ്രവൃത്തികൾ</u>**

2496 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ശുചിത്വ മിഷൻ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

**<u>വിതുര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് പുതിയ കെട്ടിടം</u>**

2497 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് ആയുഷ് വകുപ്പിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>കോർപ്പറേഷനുകളിലെയും മുൻസിപ്പാലിറ്റികളിലെയും താൽകാലിക നിയമനങ്ങൾ</u>**

2498 **ശ്രീമതി.ഉമ തോമസ്**

**ശ്രീ. ടി.സിദ്ദിഖ്**

**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ നിലവിലുള്ള 295 താൽകാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ മറ്റ് കോർപ്പറേഷനുകളിലെയും മുൻസിപ്പാലിറ്റികളിലെയും താൽകാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി</u>

2499 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിക്ഷനൽകുന്നതിനും ഫൈൻ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ലൈഫ് പദ്ധതി</u>

2500 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പ് വർഷം എത്ര വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

## <u>മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>

2501 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയിലോരോന്നിന്റെയും നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കുമോ?

## ഇനി ഞാനൊഴുകട്ടെ പദ്ധതി

2502 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഇനി ഞാനൊഴുകട്ടെ എന്ന പദ്ധതിയിലൂടെ എത്ര കി.മീ. നീർച്ചാലുകൾ വീണ്ടെടുക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ;

(ബി) ഏറ്റവും കൂടുതൽ നീർച്ചാലുകൾ മാലിന്യമുക്തമാക്കിയത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിമൂലം കാർഷിക രംഗത്തും പരിസ്ഥിതിയിലും ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ വിശദമാക്കാമോ?

## എൽ.എസ്.ജി.ഡി റോഡുകൾക്ക് ബി.എം ആൻഡ് ബി.സി നിലവാരം

2503 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി റോഡുകൾ ബി.എം ആൻഡ് ബി.സി നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് നാറ്റ്-പാക്ക് സ്റ്റഡി റിപ്പോർട്ട് വേണമെന്ന് നിബന്ധനയുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. ഒ.ഡി.ആർ (അതർ ഡിസ്ട്രിക്ട് റോഡ്) റോഡുകൾപോലും ബി.എം ആൻഡ് ബി.സി നിലവാരത്തിലേക്ക് ഉയർത്തപ്പെട്ട സാഹചര്യത്തിൽ പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി കണക്ഷൻ റോഡുകളായ എൽ.എസ്.ജി.ഡി റോഡുകൾ ബി.എം ആൻഡ് ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് ഇത്തരത്തിലുള്ള സ്റ്റഡി റിപ്പോർട്ട് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(സി) പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശ റോഡുകളിൽ, ബി.എം ആൻഡ് ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് സാധ്യതയുള്ള റോഡുകളുടെ വിവരം നൽകാമോ?

## ടേക്ക്-എ-ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രങ്ങൾ

2504 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടേക്ക്-എ-ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ; തിരുവനന്തപുരം ജില്ലയിൽ എത്ര കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ?

## ചിറക്കൽ-മന്ന സ്റ്റേഡിയം

2505 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിറക്കൽ-മന്ന സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ (ഇപിഎ3/59/2022) നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകൾ

2506 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ലൈഫ് മിഷൻ പദ്ധതി

2507 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് മിഷൻ പദ്ധതി മുഖേന എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അർഹതയുള്ള എല്ലാവർക്കും വീട് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കായുള്ള അദാലത്ത്

2508 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകാത്ത കേസുകൾ നിലവിലുണ്ടോ;

(ബി) അത്തരം കെട്ടിട നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന തലത്തിൽ അദാലത്തുകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അദാലത്ത് നടത്തുന്നതിനായി ഏതെങ്കിലും പ്രത്യേക തീയതി, മാസം എന്നിവ നിലവിലുണ്ടോ;

(ഡി) പ്രസ്തുത അദാലത്തിലുൾപ്പെടുത്തുന്നതിനായി കെട്ടിട ഉടമസ്ഥർ അപേക്ഷ നൽകേണ്ട

നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ഇ) വീടുകളുടെ കാര്യത്തിൽ അദാലത്തിൽ എന്തെങ്കിലും പ്രത്യേക ഇളവുകൾ അനുവദിക്കുന്നുണ്ടോ; വിവരങ്ങൾ അറിയിക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ കുന്നംപാറ വാതക ശ്മശാനം നിർമ്മാണം**

2509 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക ശ്മശാന നിർമ്മാണ ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ഗതാഗത യോഗ്യമല്ലാത്ത തദ്ദേശീയ റോഡുകൾ**

2510 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് ശക്തമായ കാലവർഷം കാരണം പല തദ്ദേശീയ റോഡുകളും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ ദീർഘകാലത്തേക്ക് ഉപയോഗപ്രദമാവുന്ന തരത്തിൽ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ ലൈഫ് പദ്ധതി**

2511 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക**

2512 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് 2022 ജനുവരി മുതൽ നാളിതുവരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ നൽകപെട്ടിട്ടുള്ളതും ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമായവരുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച എത്ര

അസിസ്റ്റന്റ് എഞ്ചിനീയർമാർ ജോലി ചെയ്തുവരുന്നുവെന്ന് അറിയിക്കാമോ?

**<u>ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ്</u>**

2513 **ശ്രീ സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ നാൽപത് വർഷം പഴക്കമുള്ള ശ്മശാനങ്ങൾക്കും ബാധകമാണോ; വ്യക്തമാക്കുമോ;

(ബി) അത്തരം ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദീകരിക്കുമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ വെൺമണി ഐ.പി.സി. ശാലോം ചർച്ചിന്റെ ശ്മശാനത്തിന് ഡീംഡ് ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ശ്മശാനത്തിന് എന്നത്തേക്ക് ലൈസൻസ് നൽകുമെന്ന് വ്യക്തമാക്കുമോ?

**<u>തരൂർ മണ്ഡലത്തിലെ പെരുമന-തോട്ടക്കരപ്പാലം നിർമ്മാണം</u>**

2514 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ട് കുറിശ്ശി പഞ്ചായത്തിലെ പെരുമന-തോട്ടക്കരപ്പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി</u>**

2515 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഫേസ് II- ൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശ റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**<u>തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനം</u>**

2516 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ കുട്ടികളുടെ പാർക്കും ഓപ്പൺ ആഡിറ്റോറിയവും നിർമ്മാണം</u>**

2517 **ശ്രീ ഐ ബി സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം,

എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മലയിൻകീഴ് പട്ടണത്തോട് ചേർന്ന് വസ്തു വാങ്ങി കുട്ടികളുടെ പാർക്കും ഓപ്പൺ ആഡിറ്റോറിയവും നിർമ്മിക്കുന്നതിന് 2022-23 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശവും ആയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിക്ക് നൽകിയ അപേക്ഷയിന്മേലും (ഇ6129690 തീയതി 11.05.2022) സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇത് സംബന്ധിച്ച് പഞ്ചായത്തിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ പുതിയ തസ്തികകൾ

2518 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരായ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ നിന്നാക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് വേണ്ടി രൂപീകരിച്ച പുതിയ തസ്തികകൾ ഏതൊക്കെയെന്നും അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതൊക്കെയെന്നും ഓരോ പുതിയ തസ്തികകളുടെയും ശമ്പള സ്കെയിൽ എത്രയാണെന്നും പുതിയ തസ്തികകൾ കാരണം സർക്കാരിന് വരുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും അറിയിക്കുമോ;

(സി) ജോയിന്റ് ഡയറക്ടർ തസ്തികകളിലേക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

2519 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അനുവദിച്ച വീടുകളുടെയും ഫ്ലാറ്റുകളുടെയും വിശദാംശം ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## ഹരിത കർമ്മസേന - വേതന വ്യവസ്ഥകൾ

2520 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി രൂപീകരിച്ച ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കുള്ള വേതന വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) വീടൊന്നിന് എത്ര രൂപ നിരക്കിലാണ് വേതനം നല്കി വരുന്നതെന്നും ഇവർക്ക് നൽകി വരുന്ന മറ്റ് സർക്കാർ ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ ?

## ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ. തസ്തിക

2521 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിലെ വി.ഇ.ഒ. തസ്തികകൾ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഏത് രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പുതുതായി സബോഡിനേറ്റ് റൂളിൽ പ്രതിപാദിച്ച എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) നിലവിലെ വി.ഇ.ഒ. തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മേൽ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്ന വിഷയം പരിഗണനയിലുണ്ടോ?

## കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകളെ സഹായിക്കാൻ നടപടി

2522 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകൾക്ക് തനത് ഫണ്ട് വളരെ കുറഞ്ഞ് പോകുന്ന സാഹചര്യത്തിലും അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആറുകളിലെയും തോടുകളിലെയും മണൽ വാരുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് പഞ്ചായത്തുകളുടെ ഫണ്ട് ഉയർത്തുന്നതിന് സഹായകരമാവുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പഞ്ചായത്ത് ഭൂമി വിട്ട് നൽകൽ

2523 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കാനായി ഭൂമി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാൻ നടപടി

2524 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച ശേഷം അവയുടെ പുനരുദ്ധാരണത്തിനായി റൈറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി തുക

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ആസ്തിയിൽ വരുന്നതും പൂർണ്ണമായും തകർന്നടിഞ്ഞിട്ടുള്ളതുമായ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കാമോ?

**മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം**

2525 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബിൽ അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഫയൽ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫയൽ നടപടി തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ലൈഫ് മിഷൻ പദ്ധതി**

2526 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ പദ്ധതി മുഖേന എത്ര പേരാണ് വീട് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ടെന്നും ഗുണഭോക്തൃ പട്ടികയിൽ എത്രപേരാണ്ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രോഗ്രസ് റിപ്പോർട്ട് അവസാനമായി തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിന് ശേഷം നാളിതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത വീടുകൾ എത്രയെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കൽ**

2527 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി

എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫെക്റ്റ് ലയബിലിറ്റി പിരീഡ് അനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ സുരക്ഷയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>മാലിന്യമുക്ത കേരളം</u>

2528 **ശ്രീ എ. സി. മൊയ്‌തീൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വർഷത്തോടെ സംസ്ഥാനത്തെ സംമ്പൂർണ്ണ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിന് ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പദ്ധതി നിർദേശങ്ങൾ പ്രദേശവാസികളുടെ എതിർപ്പ് കാരണം പ്രാവർത്തികമാക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് പരിസര മലിനീകരണരഹിത നൂതന മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ആസ്തി രജിസ്റ്റർ</u>

2529 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പുതിയ പാതകൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ നടപടിക്രമങ്ങൾ

വ്യത്യസ്തങ്ങളാണെങ്കിൽ ആയതിന്റെ വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ ?

## തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയ നടപടി

2530 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാഷണൽ ഹൈവെ വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേലുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## ഗുരുതര രോഗങ്ങൾ ബാധിച്ച എ.പി.എൽ. കുടുംബാംഗങ്ങൾക്ക് കിടപ്പാടം നൽകൽ

2531 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങൾ ബാധിച്ച കുടുംബാംഗങ്ങൾ ഉള്ളവരുടെ റേഷൻ കാർഡുകൾ ചികിത്സാ ആവശ്യങ്ങൾക്ക് മാത്രമായി ബി.പി.എൽ. വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്ത് നൽകുന്ന അതേ പരിഗണന ഗുരുതര മാരക രോഗങ്ങൾ ബാധിച്ചവരുള്ള എ.പി.എൽ. കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നും കിടപ്പാടം ലഭിക്കുന്നതിന് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കാമോ;

(ബി) സെറിബ്രൽ പാൾസി പോലുള്ള മാരക രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സാർത്ഥം നിത്യവും ദൂരസ്ഥലങ്ങളിലേക്കും മറ്റും യാത്ര ചെയ്യേണ്ട സാഹചര്യത്തിൽ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതെ നാല് ചക്രവാഹനം സ്വന്തമാക്കേണ്ടിവരുന്ന കുടുംബങ്ങളെ മറ്റ് ക്ലേശ ഘടകങ്ങൾ കണക്കിലെടുത്ത് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോ എന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്തുകളിലെ തനത് ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ നടപടി

2532 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതിനാൽ ഉദ്യോഗസ്ഥരുടെ ശമ്പളവും ജനപ്രതിനിധികളുടെ ഓണറേറിയവും നൽകുന്നത് അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പഞ്ചായത്തുകളുടെ പേരും നിലവിലെ തനത് വരുമാനത്തിന്റെ തോതും ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കൃത്യമായ ശമ്പള വിതരണത്തിന് ആവശ്യമായ നൂതന സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വിടവ് നികത്തൽ ഫണ്ട് (ഗ്യാപ്പ് ഫണ്ട്) ഇത്തരം പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ആവശ്യാനുസരണം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ റീബിൽഡ് കേരള പ്രവൃത്തികൾ**

2533 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ റീബിൽഡ് കേരള ഫേസ് ടു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

**ഇരവിപുരം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി**

2534 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പ്രകാരം അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ;

(ബി) അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും പദ്ധതികൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പുതിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

**ഞാറക്കാൽ ഉപരിതല സംഭരണിയുടെ നിർമ്മാണം**

2535 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ധനസഹായത്തോടെ നടപ്പിലാക്കുന്ന 17.90 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഞാറക്കാൽ ഉപരിതല ജലസംഭരണി എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി**

2536 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ അധീനതയിൽപ്പെടുന്ന ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക്

പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിനുള്ള ആർസി4/147/18(ചെമ്മനാട്) ആർസി4/95/17 (ഉദുമ) ഫയലുകളുടെ നിജസ്ഥിതി വിശദമാക്കുമോ;

(ബി) അഞ്ച് വർഷത്തിലേറെയായി വകുപ്പുകളിലുള്ള പ്രസ്തുത ഫയലുകളിൽ അനുകൂല തീരുമാനം കൈകൊള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

## കെട്ടിടനിർമ്മാണ പെർമിറ്റ്

2537 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് സെന്റിൽ കുറവായ സ്ഥലത്ത് ആയിരം ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാൻ അനുമതി ആവശ്യമില്ലെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കെട്ടിടനിർമ്മാണ പെർമിറ്റിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം അനുവദിക്കണമെന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് ലഭ്യമാക്കുമോ?

## ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം

2538 **ശ്രീ കെ ആൻസലൻ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സേവനങ്ങൾക്ക് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാനും സഹായകരമായ ഇന്റെഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; പ്രാസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; അറിയിക്കുമോ;

(ബി) പഞ്ചായത്തുകളിൽ സേവനം ഓൺലൈൻ മുഖേനയാക്കിയെങ്കിലും പൊതുജനങ്ങൾ പ്രസ്തുത സൗകര്യം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ?

## നിർദ്ദിഷ്ട പോളിടെക്നിക്കിനായി സർക്കാർ വഴി

2539 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പഞ്ചായത്തിൽ നിർദ്ദിഷ്ട പോളി ടെക്നിക്കിനായിയുള്ള സർക്കാർ വഴി പുനർനിക്ഷിപ്തമാക്കി കൈമാറുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർ നടപടികൾ എന്താണെന്നും കാലതാമസത്തിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

## സി.എം.എൽ.ആർ.ആർ.പി. - ആലത്തൂർ മണ്ഡലം

2540 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പ്രകാരം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതായിട്ടുണ്ടോ; എങ്കിൽ ഇവ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

## അരൂർ നിയോജക മണ്ഡലത്തിലെ നിലാവ് പദ്ധതി

2541 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളിൽ വൈദ്യുതി വിളക്കുകളുടെ മെയ്ന്റനൻസ് നിർവ്വഹിക്കുന്നതാരെന്ന് വിശദമാക്കുമോ?

## ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ

2542 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത സ്കൂളുകൾ അനുവദിച്ചിട്ട് ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്കൂളുകൾ മണ്ഡലത്തിലുണ്ടോയെന്ന് അറിയിക്കുമോ?

## ഗ്രാമസഭ

2543 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജിന്റെ പ്രധാന ഘടകമായ ഗ്രാമസഭയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമസഭാ യോഗത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമസഭാ മിനിട്ട്സിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയും തീരുമാനങ്ങളും ചർച്ചകളും കൃത്യസമയത്ത് തന്നെ എഴുതി ചേർക്കുകയും ചെയ്യുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

## ലൈഫ് മിഷൻ - പയ്യന്നൂർ കോറോത്ത് ഫ്ലാറ്റ് സമുച്ചയം

2544 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ പയ്യന്നൂർ നഗരസഭയിലെ കോറോത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രവൃത്തി പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ?

## ഹരിപ്പാട് നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് നടപടി

2545 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് നഗരകാര്യ ഡയറക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ അഭിപ്രായം ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## സാനിറ്റേഷൻ വർക്കർമാരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

2546 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ സാനിറ്റേഷൻ വർക്കർമാരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## മുനിസിപ്പൽ കോമൺ സർവ്വീസ്

2547 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം കേരള സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ

ഏതൊക്കെയെന്ന് വിശദമാക്കുമോ?

**കോട്ടക്കൽ മണ്ഡലത്തിലെ ഇന്ത്യനൂർ സെക്ഷന്റെ രൂപീകരണം**

2548 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടും കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടത്തിന്റെ വാടക നഗരസഭ നൽകുന്നത് സംബന്ധിച്ചും തദ്ദേശ സ്വയംഭരണ വകുപ്പിലുള്ള ഫയലിന്റെ (തസ്വഭവ-എഫ്.എം.2/83/2021-തസ്വഭവ) നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് നഗരകാര്യ ഡയറക്ട്റേറ്റിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ നഗരകാര്യ ഡയറക്ട്റേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മുൻ കാല സർവ്വീസ് സീനിയോറിറ്റി സംരക്ഷിക്കുന്നതിന് നടപടി**

2549 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞതിന് ശേഷം പി.എസ്.സി. മുഖേനേ മറ്റൊരു ഡിപ്പാർട്ടമെന്റിൽ നിയമനം ലഭിക്കുകയും പ്രസ്തുത വകുപ്പിൽ നാല് വർഷം തുടർച്ചയായി സേവനം അനുഷ്ഠിക്കുകയും ചെയ്ത ഉദ്യോഗസ്ഥന് തിരികെ മുൻസിപ്പൽ കോമൺ സർവ്വീസിലേക്ക് മടങ്ങിവരാൻ വ്യവസ്ഥയുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം ഉദ്യോഗസ്ഥർക്ക് അവരുടെ മുൻ കാല സർവ്വീസ് സീനിയോറിറ്റി/സാലറി എന്നിവ സംരക്ഷിച്ച് നൽകുമോ; വ്യക്തമാക്കാമോ?

**മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്നതിന് യുവ പ്രൊഫഷണലുകൾ**

2550 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്ന ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി യുവ പ്രോഫഷണലുകളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസിക്ക് റിക്രൂട്ട്മെന്റ് നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## അമൃത് പദ്ധതി

2551 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

## അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

2552 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ താൽക്കാലികമായി വെള്ളം കയറിയ നഗരസഭകളുടെ അധീനതയിലുള്ള പ്രദേശങ്ങളെ അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി കണക്കാക്കി ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചെങ്ങന്നൂർ നഗരസഭയിലെ 5,6,7 വാർഡുകൾ അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി കണക്കാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നഗരസഭയുടെ അറിവോടെയാണോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ അപാകതയുള്ളതായി നഗരസഭ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ചെങ്ങന്നൂർ നഗരസഭയുടെ നിർദ്ദേശമോ സമ്മതമോ ചർച്ചയോ പഠനമോ ഇല്ലാതെ പ്രസ്തുത പ്രദേശങ്ങളെ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) 2018-ലെ പ്രളയത്തിൽ മാത്രം വെള്ളം കയറിയ പ്രസ്തുത പ്രദേശങ്ങളെ അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി കണക്കാക്കി ഭവന നിർമ്മാണങ്ങൾക്ക് കർശന നിയന്ത്രണവും ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് വിലക്കും ഏർപ്പെടുത്തിയതിലെ അപാകത പുനഃപരിശോധിച്ച് തിരുത്തൽ നടപടിസ്വീകരിക്കുമോ?

## നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം

2553 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടോ;

(ബി) പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രയാസങ്ങൾ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

**തിരുവനന്തപുരം നഗരത്തിൽ പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകളുടെ പരിപാലനം**

2554 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകൾ ആരുടെയൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രതിമകളുടെ പരിപാലന ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രതിമകളോടൊപ്പം അവരെ സംബന്ധിച്ചും അവരുടെ പ്രവർത്തന മണ്ഡലത്തെ സംബന്ധിച്ചുമുള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പഠന വിനോദ യാത്രികൾക്ക് ഉപയുക്തമാക്കുന്ന വിഷയം പരിഗണിക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം**

2555 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ 16-ാം തീയതിയിലുണ്ടായ മഹാപ്രളയത്തിൽ തകർന്ന കൂട്ടിക്കൽ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ - മുക്കുളം പാലം, മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം, കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം എന്നീ നാലുപാലങ്ങളുടെ പുനർനിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി --വേതന കുടിശ്ശിക നൽകുന്നതിന് നടപടി**

2556 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനകുടിശ്ശികയുണ്ടോ; കൃത്യമായി വേതനം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(സി) ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക തുക ലഭിക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കുടിശ്ശിക നൽകിയ ശേഷം കേന്ദ്രസർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് റീക്രൂപ്പ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

(ഇ) പ്രസ്തുത തൊഴിലാളികളുടെ വേതനം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം

2557 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് 07.03.2019-ലെ സർക്കാർ ഉത്തരവ് 559/2019/എൽ.എസ്.ജി.ഡി. പ്രകാരം 5.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന് അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

2558 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച കേന്ദ്രവിഹിതത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ആവശ്യമായ കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുന്നതിനുള്ള എന്തെങ്കിലും നിർദേശങ്ങൾ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുക?

## ടേക്ക് എ ബ്രേക്ക് പദ്ധതി

2559 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

## സിവിൽ എക്സൈസ് ഓഫീസർ തസ്തിക

2560 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിന്നും പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രമോഷൻ നേടിയിട്ടുണ്ട്; അറിയിക്കുമോ;

(ബി) മാൻഡേറ്ററിയായ വകുപ്പുതല പരിക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തകയിൽ നിന്നും പ്രിവന്റീവ് ഓഫീസറായി പ്രമോഷൻ നേടിയ

ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നിയമ തടസ്സമുണ്ടോ; ഇത് സംബന്ധിച്ച് കേസ്സുകളോ സ്റ്റേയൊ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) കേസ്സുകളോ സ്റ്റേയൊ ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേയുണ്ടെങ്കിൽ എത്ര വർഷമായി സ്റ്റേ ഉത്തരവായിട്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുതയുണ്ടോയെന്ന് അറിയിക്കുമോ?

## എക്സൈസ് വകുപ്പിൽ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നടപടി

2561 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ 2015- ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയിട്ടുണ്ട്; മാൻഡേറ്ററിയായ വകുപ്പുതല പരിക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ ഏന്തെങ്കിലും നിയമ തടസ്സമുണ്ടോ; അറിയിക്കുമോ;

(ബി) കേസ്സുകളോ സ്റ്റേയൊ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; ഇവ ഒഴിവാക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുത ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ്

2562 **ശ്രീ വി ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി പുറപ്പെടുവിച്ച 07.09.2022-ലെ സി.എ.3913/11 കേസിലെ വിധി എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിധി നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 02.02.1993 മുതൽ 30.06.2003 വരെയുള്ള സംസ്ഥാന സീനിയോരിറ്റി ലിസ്റ്റിൽ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടാത്ത ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേര് വിവരവും അവർ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും തുടർപ്രമോഷന് വേണ്ടിയുള്ള വകുപ്പുതല പി.എസ്.സി പരീക്ഷകൾ പാസായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നൽകാമോ?

## എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

2563 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് വർഷം എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ കുറ്റപത്രം നൽകിയവ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ പ്രതികളായിട്ടുള്ള കേസുകൾ എത്രയെണ്ണമുണ്ട്; വിശദവിവരം നൽകാമോ;

(സി) ഇത്തരം കേസുകളിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ലഹരി കടത്തിനെക്കുറിച്ച് ഡിപ്പാർട്ട്മെന്റിന് രഹസ്യ വിവരം നൽകിയത് എപ്പോഴെങ്കിലും ചോർന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മയക്കുമരുന്ന് വിപണനത്തിനെതിരെ നിയമ വ്യവസ്ഥകൾ കർശനമാക്കൽ

2564 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ വില്പന തടയുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) മയക്കുമരുന്ന് വിപണനത്തിനെതിരെ നടപ്പാക്കുന്ന നിയമ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ലഹരി ഉപയോഗം തടയുന്നതിന് ജനകീയ സമിതികൾ, വാർഡ്തല സമിതികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ്

2565 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂരിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

## എക്സൈസ് വകുപ്പ് മയക്കുമരുന്ന് പിടിച്ചെടുത്ത കേസുകളുടെ കണക്ക്

2566 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2022 ജനവരി 1 മുതൽ നവംബർ 30 വരെ എക്സൈസ് വകുപ്പ് മയക്കുമരുന്ന് , കഞ്ചാവ് എന്നിവ പിടിച്ചെടുത്ത സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് എവിടെ ആണെന്നും വ്യക്തമാക്കാമോ;

(സി) ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ആകെ പ്രതിയാക്കപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ;

(ഡി) പ്രതിയാക്കപ്പെട്ടവരിൽ 30 വയസ്സിന് താഴെ ഉള്ളവരുടെ എണ്ണം വ്യക്തമാക്കാമോ; ആകെ പ്രതിയാക്കപ്പെട്ട വയനാട് സ്വദേശികളുടെ എണ്ണം വ്യക്തമാക്കാമോ?

## കുട്ടികളിലെ ലഹരി ഉപയോഗം

2567 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗം പാടെ തുടച്ചുനീക്കുവാൻ എക്സൈസ് വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണമുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## എക്സൈസ് വകുപ്പിലെ താൽകാലിക നിയമനങ്ങൾ

2568 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽകാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിവരം വ്യക്തമാക്കുമോ?

## അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തൽ

2569 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടത്തിവരുന്ന പരിശോധന ഭക്ഷ്യ വകുപ്പിന്റെ ,കോന്നിയിലെ സി.എഫ്.ആർ.ഡി. ലാബിൽ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; അറിയിക്കുമോ;

(ബി) നിലവിലെ അബ്കാരി നിയമം അനുശാസിക്കുന്ന പരിശോധന സി.എഫ്.ആർ.ഡി. ലാബിലേക്ക് മാറ്റുന്നതിന് അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂരിഭാഗം താൽകാലിക ജീവനക്കാർ ജോലി ചെയ്യുന്ന സി.എഫ്.ആർ.ഡി. ലാബിൽ അതീവ ശ്രദ്ധയോടെ ചെയ്യേണ്ട പ്രസ്തുത പരിശോധന നടത്താൻ തീരുമാനിച്ചാൽ വരാവുന്ന ഭവിഷ്യത്തുകൾ സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ്

2570 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മയക്കുമരുന്നിടപാടുകാരുടെ ഡേറ്റാബാങ്ക്

2571 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിടപാടുകാരുടെ ഡേറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര പ്രതികളുണ്ടെന്ന് വിശദമാക്കുമോ;

(ബി) ലഹരിക്കടത്ത് ആവർത്തിക്കുന്ന എത്രപേർ പട്ടികയിലുണ്ടെന്ന് വിശദമാക്കുമോ;

(സി) ലഹരിക്കേസ് പ്രതികൾക്ക് പുറത്തിറങ്ങാൻ ഇനി കുറ്റകൃത്യം ചെയ്യില്ലെന്നുള്ള ബോണ്ട് നൽകേണ്ടതുണ്ടോ; എങ്കിൽ എത്രപേരിൽ നിന്ന് ബോണ്ട് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണം

2572 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് ഓഫീസിന് തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുവാൻ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ടി തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം

2573 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ(സിവിൽ)3913 മുതൽ 3931/2011 വരെയുള്ള കേസുകളിൽ 7.09.2022-ലെ അന്തിമ വിധി നടപ്പാക്കുന്നതിനുള്ള നടപടി എക്സൈസ് വകുപ്പിൽ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ബഹു. സുപ്രീം കോടതിയുടെ 7.09.2022 - ലെ സിഎ 3913/11 കേസിലെ വിധി വന്നശേഷം ക്രമവിരുദ്ധമായി 10.11.2022 - ലെ എക്സ് ഡി3-248635/2020 ഉത്തരവ് പ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നൽകിയ താൽക്കാലിക സ്ഥാനകയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ബഹു. സുപ്രീം കോടതി വിധി പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## **മദ്യശാലകൾ അടച്ച് പൂട്ടൽ**

2574 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യശാലകൾ അടച്ചു പൂട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ മദ്യശാലകൾ അടച്ച് പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## **ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും ആരംഭിക്കൽ**

2575 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും തുടങ്ങാനും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) മദ്യം ഇല്ലാതായാൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കും വ്യാജവാറ്റ് പെരുകും മദ്യം ഉപയോഗിച്ചിരുന്നവർക്ക് അത് ഇല്ലാതായാൽ വൻ പ്രത്യാഘാതമുണ്ടാകും എന്നിങ്ങനെയുള്ള മദ്യവ്യാപനത്തിന് ആധാരമായ പ്രചാരണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മദ്യം സുലഭമായി ലഭിക്കുമ്പോഴും മയക്കുമരുന്ന് വ്യാപനം വർദ്ധിച്ചുവെന്ന യാഥാർത്ഥ്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; ആയതു നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേരള ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുണ്ടോ; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമെ പബ്ബ് എന്ന ആശയം നടപ്പാക്കാൻ കഴിയുകയുള്ളു എന്നിരിക്കെ ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(എഫ്) ടൂറിസം ലക്ഷ്യം വെച്ച് മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ബാറിൽ നിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിലേക്ക് ഹോട്ടൽ വേർതിരിവ് ഏത് രീതിയിൽ ആണെന്ന് അറിയിക്കാമോ;

(ജി) സംസ്ഥാനത്ത് വീര്യമുള്ള മദ്യം ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡ് മദ്യം കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

## **ലഹരി വിമുക്ത കേരളം - കർമ്മ പരിപാടികൾ**

2576 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ വ്യക്തമാക്കാമോ;

(ബി) ലഹരിക്കെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2022 - ൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

**<u>കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം</u>**

2577 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടം അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ജി3/208/2022/നികുതി നമ്പർ ഫയലിൽ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 04-12-2022
എ എം ബഷീർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].